بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 1

ലക്കം 33

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ഒക്ടോബർ 20/ഹി:ശം:1395 ഇഖാ 20/ഹി:ഖ: 1438 മുഹർറം 18


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 സെപ്റ്റംബർ 16 ന് ബയ്ത്തുൽ ഫുതൂഹ് മോർഡൻ,ബ്രിട്ടണിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**എന്നെ വിശ്വസിക്കാത്തവൻ അല്ലാഹുവിനേയും റസൂലിനേയും വിശ്വസിക്കാത്തവനാണ്. കാരണം എന്നെ സംബന്ധിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും പ്രവചനം നിലവിലുണ്ട്. ഇനി ആരാണോ അല്ലാഹുവിന്റേയും റസൂലിന്റേയും വിവരണത്തെ അംഗീകരിക്കാതിരിക്കുകയും വിശുദ്ധഖുർആനെ കളവാക്കുകയും ചെയ്യുന്നത്, മനഃപ്പൂർവം അല്ലാഹുവിന്റെ അടയാളങ്ങളെ റദ്ദാക്കുകയും നൂറുക്കണക്കിന് അടയാളങ്ങളുണ്ടായിട്ടും എന്നെ നുണകെട്ടിച്ചമച്ചുണ്ടാക്കുന്നവനെന്ന് പറയുകയും ചെയ്യുന്നത് അവൻ മുഅ്മിൻ എങ്ങനെയാകാനാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം(6):** അങ്ങ് കലിമ ചൊല്ലുന്നയാളേയും ഖിബ്‌ലയെ അഭിമുഖീകരിക്കുന്ന ആളേയും കാഫിർ എന്നു പറയുന്നത് എങ്ങനെ ശരിയാകാനാണെന്ന് ആയിരക്കണക്കിന് സ്ഥലത്ത് എഴുതിയിട്ടുണ്ട്. ഇതിൽനിന്ന് താങ്കളെ നിഷേധിച്ചുകൊണ്ട് കാഫിറാകുന്ന മുഅ്മിനീംകൾക്ക് പുറമെ കേവലം അങ്ങയെ വിശ്വസിക്കാത്തതുകൊണ്ട് ആരും കാഫിർ ആകുകയില്ലെന്ന് വ്യക്തമാകുന്നു. പക്ഷേ, അബ്ദുൽ ഹക്കീം ഖാന് അങ്ങ് എഴുതുന്നത് 'എന്റെ സന്ദേശം എത്തുകയും എന്നെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന എല്ലാ ഓരോ വ്യക്തിയും മുസ്‌ലിമല്ല' എന്നാണ്. ഈ വിവരണവും ആദ്യ ഗ്രന്ഥങ്ങളിലുള്ള വിവരണവും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ട്. അതായത് ആദ്യം താങ്കൾ തിർയാഖുൽ ഖുലൂബ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ളത് എന്നെ അവിശ്വസിക്കുന്നതുകൊണ്ട് ആരും കാഫിർ ആകുകയില്ലെന്നാണ്. ഇപ്പോൾ താങ്കൾ എഴുതുന്നത് എന്നെ നിഷേധിച്ചാൽ കാഫിർ ആകുമെന്ന്.

**മറുപടി:** ഇത് അത്ഭുതകരമായ കാര്യമാണ്. താങ്കൾ കാഫിർ എന്ന് പറയുന്നവരേയും വിശ്വസിക്കാത്തരേയും രണ്ട് തരത്തിലുള്ള ആളുകളായിട്ടാണ് കാണുന്നത്. വാസ്തവത്തിൽ ദൈവത്തിന്റെ പക്കൽ രണ്ടും ഒരേതരത്തിലുള്ളവരാണ്. എന്തുകൊണ്ടെന്നാൽ എന്നെ വിശ്വസിക്കാത്തവൻ എന്നെ നുണകെട്ടിച്ചമച്ചുണ്ടാക്കുന്നവനാണെന്ന് സമ്മതിക്കുന്നതുകൊണ്ടല്ല വിശ്വസിക്കാത്തത്. എന്നാൽ, അല്ലാഹുവിനെ സംബന്ധിച്ച് വ്യാജം നിർമിച്ചുണ്ടാക്കുന്നവൻ എല്ലാ കാഫിരീംകളെക്കാളും കൊടിയ കാഫിറാണെന്നാണ് അല്ലാഹു പറയുന്നത്. *ഫമൻ അള്‌ലമു മിമ്മനിഫ്തറാ അലല്ലാഹി കദിബൻ ഔ കദ്ദബ ബി ആയാത്തിഹീ* എന്ന് പറഞ്ഞതുപോലെ.(10:18) അതായത് വലിയ കാഫിർ രണ്ടാണ്. ഒന്ന് ദൈവത്തിനുമേൽ നുണകെട്ടിച്ചമച്ചു പറയുന്നവൻ[1]. രണ്ടാമത്തേത് ദൈവികഗ്രന്ഥത്തെ കളവാക്കുന്നവൻ. ഒരു കള്ളനാക്കുന്നവന്റെ പക്കൽ ഞാൻ ദൈവത്തിനുമേൽ നുണകെട്ടിച്ചമച്ചുണ്ടാക്കി പറഞ്ഞുവെന്നുവരുമ്പോൾ ഞാൻ വെറും കാഫിറല്ല മറിച്ച് വലിയ കാഫിറാണ്. ഇനി നുണകെട്ടിച്ചമച്ചുണ്ടാക്കി പറയുന്നവനല്ലെങ്കിൽ അല്ലാഹു ഈ ആയത്തിൽ സ്വയം പറഞ്ഞതുപോലെ ആ കുഫ്ർ അവന്റെ മേൽ പതിക്കുമെന്നതിന് ഒരു സംശയവുമില്ല. ഇതിനു പുറമെ എന്നെ വിശ്വസിക്കാത്തവൻ അല്ലാഹുവിനേയും റസൂലിനേയും വിശ്വസിക്കാത്തവനാണ്. കാരണം എന്നെ സംബന്ധിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും പ്രവചനം നിലവിലുണ്ട്. അതായത് അവസാനകാലത്ത് തന്റെ സമുദായത്തിൽനിന്നുതന്നെ മസീഹ് മൗഊദ് വരുമെന്ന് നബി(സ)തിരുമേനി പറഞ്ഞിരുന്നു. താൻ മിഅ്റാജിന്റെ രാത്രിയിൽ മർയമിന്റെ മകൻ മസീഹിനെ ഈ ലോകത്തുനിന്ന് കടന്നുകഴിഞ്ഞുപോയിട്ടുള്ള നബിമാരിൽ കണ്ടുവന്നുവെന്നും ശഹീദായ യഹ്‌യായുടെ അടുക്കൽ രണ്ടാനാകാശത്തിൽ അദ്ദേഹത്തെ കാണുകയുണ്ടായെന്നും നബി(സ)തിരുമേനി പറഞ്ഞു. മർയമിന്റെ മകൻ മസീഹ് വഫാത്തായിരിക്കുന്നുവെന്ന് അല്ലാഹു വിശുദ്ധഖുർആനിലും പറഞ്ഞു. അല്ലാഹു എന്റെ സത്യത്തിനുള്ള തെളിവായി മൂന്ന് ലക്ഷത്തിലധികം ദൈവികാടയാളങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. ആകാശത്തിൽ റമളാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണമുണ്ടായി. ഇനി ആരാണോ അല്ലാഹുവിന്റേയും റസൂലിന്റേയും വിവരണത്തെ അംഗീകരിക്കാതിരിക്കുകയും വിശുദ്ധഖുർആനെ കളവാക്കുകയും ചെയ്യുന്നത്, മനഃപ്പൂർവം അല്ലാഹുവിന്റെ അടയാളങ്ങളെ റദ്ദാക്കുകയും നൂറുക്കണക്കിന് അടയാളങ്ങളുണ്ടായിട്ടും എന്നെ നുണകെട്ടിച്ചമച്ചുണ്ടാക്കുന്നവനെന്ന് പറയുകയും ചെയ്യുന്നത് അവൻ മുഅ്മിൻ എങ്ങനെയാകാനാണ്. ഇനി അവൻ മുഅ്മിൻ ആണെങ്കിൽ നുണകെട്ടിച്ചമച്ചു പറഞ്ഞ കാരണത്താൽ ഞാൻ കാഫിറായി. കാരണം ഞാൻ അവരുടെ ദൃഷ്ടിയിൽ നുണകെട്ടിച്ചമച്ചു പറയുന്നവനാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: *ഖാലത്തിൽ അഅ്റാബു ആമന്നാ ഖുല്ലം തുഅ്മിനൂ വലാക്കിൻ ഖൂലൂ അസ് ലംനാ വലമ്മാ യദ്ഖുലിൽഈമാനു ഫീ ഖുലൂബിക്കും*(49:15) അതായത് ഞങ്ങൾ വിശ്വസിച്ചുവെന്ന് ഗ്രാമീണരായ അറബികൾ പറയുന്നു. നിങ്ങൾ വിശ്വസിച്ചിട്ടില്ലെന്ന് അവരോട് പറയുക. നിങ്ങൾ ഇങ്ങനെ പറയുക: ഞങ്ങൾ അനുസരണം സ്വീകരിച്ചിരിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം കടന്നിട്ടില്ല. അതുകൊണ്ട് അനുസരിക്കുന്നവരുടെ പേര് അല്ലാഹു മുഅ്മിൻ എന്നു വെക്കാത്തസ്ഥിതിക്ക് വ്യക്തമായ നിലയിൽ ദൈവത്തിന്റെ ഗ്രന്ഥത്തെ കളവാക്കുകയും ഭൂമിയിലും ആകാശത്തിലും പ്രകടമായ അല്ലാഹുവിന്റെ ആയിരക്കണക്കിന് അടയാളങ്ങൾ കാണുകയും ചെയ്തിട്ട് എന്നെ നിഷേധിക്കുന്നതിൽനിന്ന് പിന്മാറാത്തവൻ അല്ലാഹുവിന്റെ പക്കൽ എങ്ങനെ സത്യവിശ്വാസിയാകാനാണ്. ഞാൻ നുണകെട്ടിച്ചമച്ചു പറയുന്നവനാകാതിരിക്കുകയും മുഅ്മിനാകുകയുമാണെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ അയാൾ എന്നെ കളവാക്കിയതിനും കാഫിർ ആക്കിയതിനും ശേഷം കാഫിറാകുകയും എന്നെ കാഫിറാക്കി തന്റെ കുഫ്റിൽ സീൽവെക്കുകയും ചെയ്തിരിക്കുന്നുവെന്ന കാര്യം സ്വയം സമ്മതിക്കുകയുമാണ് ചെയ്യുന്നത്. സത്യവിശ്വാസിയെ കാഫിർ എന്നു പറയുന്നവൻ അവസാനം കാഫിറാകുന്നു എന്നതൊരു ശരീഅത്ത് പ്രശ്നമാണ്. അപ്പോൾ പിന്നെ ഏകദേശം ഇരുന്നൂറ് മൗലവിമാർ എന്നെ കാഫിർ എന്നു പറഞ്ഞതും എനിക്കെതിരിൽ കുഫ്ർ ഫത്‌വ എഴുതപ്പെട്ടതും സ്ഥാപിച്ചുകാണിക്കുന്നത് അവരുടെ ഫത്‌വ കൊണ്ടുതന്നെ അവർ കാഫിറായിത്തീർന്നുവെന്നാണ്. കാഫിറിനെ മുഅ്മിൻ എന്നു പറയുന്നവനും കാഫിറായിത്തീരുന്നു. ഇനി ഇക്കാര്യത്തിന് സുഗമമായ ചികിത്സ എന്നു പറയുന്നത്, മറ്റുള്ളവരിൽ വിശ്വസ്തതയുടേയും വിശ്വാസത്തിന്റേയും ബീജമുണ്ടാകുകയും അവൻ കപടവിശ്വാസിയല്ലാതിരിക്കുകയുമാണെങ്കിൽ അവർ ചെയ്യേണ്ടത് ഈ മൗലവിമാരെക്കുറിച്ച് സുദീർഘമായൊരു വിജ്ഞാപനം എല്ലാ മൗലവിമാരുടേയും പേര് സ്പഷ്ടമാക്കിക്കൊണ്ട് അവരെല്ലാവരും കാഫിറാണെന്ന് പ്രസിദ്ധീകരിക്കുക. കാരണം അവർ ഒരു മുസൽമാനെ കാഫിറാക്കിയിരിക്കുന്നു. അപ്പോൾ ഞാൻ അവരെ മുസ്‌ലിമായി മനസ്സിലാക്കുന്നതാണ്. അതിന്റെ നിബന്ധന അവരിൽ ഒരു കപടതയുടേയും സന്ദേഹമുണ്ടാകാനോ അതുപോലെതന്നെ ദൈവത്തിന്റെ വ്യക്തമായ ദിവ്യാത്ഭുതങ്ങളെ കളവാക്കാനോ പാടില്ല എന്നതാണ്. ഇല്ലെങ്കിൽ അല്ലാഹു പറയുന്നു: *ഇന്നൽ മുനാഫിഖീന ഫിദ്ദർക്കിൽ അസ്ഫലി മിനന്നാറി*(4:146) അതായത് കപടവിശ്വാസികൾ നരകത്തിന്റെ താഴത്തെ തട്ടിലായിരിക്കും ഇടപ്പെടുന്നത്. ഹദീഥ് ശരീഫിൽ ഇങ്ങനെയും വന്നിട്ടുണ്ട്. *മാ സനാ സാനിൻ വഹുവ മുഅ്മിനുൻ വമാ സരിഖ സാരിഖുൻ വഹുവ മുഅ്മിനുൻ* ഒരു വ്യഭിചാരിയും വ്യഭിചാരത്തിന്റെ അവസ്ഥയിലും ഒരു മോഷ്ടാവും മോഷണത്തിന്റെ അവസ്ഥയിലും മുഅ്മിനാകുകയില്ല. അപ്പോൾ പിന്നെ കപടവിശ്വാസി കപടതയുടെ അവസ്ഥയിൽ എങ്ങനെ മുഅ്മിനാകാനാണ്. ആരെയെങ്കിലും കാഫിർ എന്നു പറയുന്നതുകൊണ്ട് മനുഷ്യൻ സ്വയം കാഫിർ ആകുമെന്നത് ശരിയല്ലെങ്കിൽ നിങ്ങളുടെ മൗലവിമാരുടെ ഫത്‌വ എന്നെ കാണിച്ചാൽ ഞാൻ അത് സ്വീകരിക്കുന്നതാണ്. ഇനി കാഫിർ ആകുകയാണെങ്കിൽ ഇരുന്നൂറ് മൗലവിമാരുടേയും കുഫ്റിന്റെ ബന്ധം ഓരോരുത്തരുടേയും പേര് സഹിതം വിജ്ഞാപനത്തിൽ അവർ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതിനുശേഷം അവരുടെ (**ശേഷം പേജ് 7ൽ**)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# വിശുദ്ധ ഖുർആന്റെ അധ്യാപനം ശാന്തിയുടേയും സമാധാനത്തിന്റേയും അധ്യാപനമാണെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു.

**2016 ആഗസ്റ്റു 30 ന് ജർമനയിലെ Frankenthal നഗരത്തിൽ മസ്ജിദ് നൂറിന്റെ ശിലാകർമവേളയിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണം.**

എല്ലാ അതിഥികൾക്കും ജമാഅത്തംഗങ്ങൾക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തഹു.

അല്ലാഹു എല്ലാവരേയും ശാന്തിയോടും സമാധാനത്തോടുംകൂടി വെക്കുമാറാകട്ടെ. ഈ പ്രദേശവാസികൾക്കും അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്കും ഇവിടെ ഒരു മസ്ജിദ് നിർമിക്കാൻ ഇന്ന് അല്ലാഹു തൗഫീഖ് നൽകിക്കൊണ്ടിരിക്കുകയാണ്. ഇൻശാ അല്ലാഹ്. ഈ മസ്ജിദ് നിർമിക്കപ്പെടുന്നതാണ്. ഇത് നിർമിക്കപ്പെട്ടതിനുശേഷം ഇതിന്റെ ഉദ്ദേശ്യങ്ങൾ കൂടുതൽ തെളിഞ്ഞ് മുന്നിൽ വരുന്നതായിരിക്കും. അതിനെക്കുറിച്ചുള്ള വിവരണം ഇൻശാഅല്ലാഹ് ഈ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ ഉണ്ടാകുന്നതാണ്. ജർമ്മനി ജമാഅത്തിന്റെ അമീർ സാഹിബ് ഈ നഗരത്തിന്റെ പ്രത്യേകതകളെ വിവരിച്ചുകൊണ്ട് ഇവിടെത്ത നഗരവാസികൾ വിശാലഹൃദയരാണെന്ന് പറയുകയുണ്ടായി. ഇവിടെ സർവ്വമത ചർച്ചകൾ ധാരാളമായുണ്ടാകാറുണ്ട്. അതിൽ എല്ലാവരും പങ്കെടുക്കുകയും ചെയ്യുന്നു.

ഈ വിശേഷഗുണം സമൂഹത്തിന്റെ സമാധാനം നിലനിറുത്തുന്നതിന് ഒരു അടിസ്ഥാനപരമായ കാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ നഗരവാസികൾ സഹനശക്തിയുള്ളവരാണെന്നും വിവിധ മതങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഒരുകൂട്ടർ മറ്റേ കൂട്ടരുടെ മതപരമായ കാര്യങ്ങൾ കേൾക്കുന്നവരാണെന്നും കേട്ടതിനുശേഷം വൈരാഗ്യവും പകയും വഴക്കും കലഹങ്ങളും ഉണ്ടാകാൻ അനുവദിക്കുന്നില്ലെന്നും മറിച്ച് സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിക്കുന്നവരാണെന്നും അറിഞ്ഞ് എനിക്ക് ഏറെ സന്തോഷമായി. ഇവർ വളരെ സഹിഷ്ണുക്കളാണ്. ഈ നഗരവാസികളുടെ വളരെ വലിയൊരു സവിശേഷഗുണമാണത്. അതിന് ഞാൻ നിങ്ങൾക്ക് മംഗളാശംസകൾ നേരുകയാണ്.

ഇതിനോടൊപ്പംതന്നെ ഈ മസ്ജിദ് നിർമിക്കുന്നതിന് ഇവിടത്തെ കൗൺസിലും നഗരവാസികളും വലിയ സഹായം ചെയ്തുവെന്ന് അമീർ സാഹിബ് ഇപ്പോൾ പറയുകയുണ്ടായി. ഇക്കാര്യവും നിങ്ങളുടെ വിശാലമനസ്സിന്റെ പ്രതിഫലനമാണ്. ജർമ്മനി അഹ്മദിയ്യാ ജമാഅത്ത് വലിയ നഗരങ്ങളിലും ചെറിയ സ്ഥലങ്ങളിലുമൊക്കെ ഒരുപാട് മസ്ജിദുകൾ നിർമിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, മിക്ക സ്ഥലങ്ങളിലും ഏതെങ്കിലും രീതിയിൽ തദ്ദേശവാസികൾ ഇതിന് എതിരും നിൽക്കാറുണ്ട്. ഇക്കാലത്ത് ഇസ്ലാമിനെക്കുറിച്ചുള്ള സങ്കൽപം അങ്ങനെയായിപ്പോയതുകൊണ്ടാണ് എതിർക്കുന്നത്. അതിന് അവർക്ക് അവകാശവുമുണ്ട്. ഈ പട്ടണത്തിൽ മസ്ജിദ് വന്നാൽ അല്ലെങ്കിൽ മുസ്ലിംകൾ വന്നാൽ അവർ തങ്ങളുടെ ചുവട് ഉറപ്പിച്ചുകഴിഞ്ഞാൽ തങ്ങളുടെ നഗരത്തിന്റേയും പ്രദേശത്തിന്റേയും സമാധാനം കെട്ടടങ്ങുമെന്ന് അവർ ഭയക്കുന്നു.

പക്ഷേ, ദാഊദ് മജൂക്ക സാഹിബ്, തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞതുപോലെ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ളതുതന്നെ സമാധാനത്തിന്റേയും ശാന്തിയുടേയും സ്നേഹത്തിന്റേയും സന്ദേശം വ്യാപിപ്പിക്കുന്നതിനാണ്. യഥാർഥത്തിൽ ഇസ്ലാമികാധ്യാപനങ്ങളുടെ സംക്ഷിപ്തം വിവരിക്കപ്പെടുകയും വിശുദ്ധഖുർആന്റെ അധ്യാപനം രണ്ടു വാക്യങ്ങളിൽ പറയുകയുമാണെങ്കിൽ അത് നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിനോടുള്ള ആരാധനാകടമകൾ നിറവേറ്റുകയും അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് പൂർണമായും പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്. ഈ രണ്ടാമത്തെ കടമകളിലേക്ക് ശ്രദ്ധിക്കുമ്പോൾ യഥാർഥ മുസൽമാൻ കലഹങ്ങൾ ഉണ്ടാക്കുന്നതിന് ഒരിടത്തും കാരണക്കാരനാകാനിടയില്ല.

നമ്മൾ വാഗ്ദത്ത മസീഹും മഹ്ദിയുമായി വിശ്വസിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു ഇക്കാലഘട്ടത്തിൽ അയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ലോകത്തുണ്ടായിട്ടുള്ള കലഹങ്ങളെ ഇസ്ലാമികമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അവസാനിപ്പിക്കുക എന്നതാണ്. അതുകൊണ്ടാണ് അദ്ദേഹം ജമാഅത്ത് രൂപീകരിച്ചത്. മനുഷ്യരെ തങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിലേക്ക് കൊണ്ടുവരാനും അവനെ ആരാധിക്കുന്നതിനുള്ള കടമ നിർവഹിക്കാനും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് നമ്മുടെ എല്ലാ കഴിവുകളേയും ഉപയോഗിക്കാനും ഈ ജോലിയിൽ തന്റെ സഹായികളാകാനും ജമാഅത്തിലെ അംഗങ്ങൾക്ക് പാഠം നൽകിയത്. അതിനാൽ ഈ ഉദ്ദേശ്യം തന്നെയാണ് എല്ലാ അഹ്മദികളുടേയും ഉദ്ദേശ്യം. ഈ ഉദ്ദേശ്യമാകുമ്പോൾ ആർക്കും ഇസ്ലാമികാധ്യാപനങ്ങളെ ഭയപ്പെടാൻ കാരണമൊന്നുമുണ്ടാകുകയില്ല. അഥവാ ഭയമുണ്ടെങ്കിൽത്തന്നെ ഇസ്ലാമിന്റെ പേരിൽ തെറ്റായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെയായിരിക്കും. പക്ഷേ, ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു; അഹ്മദികളല്ലാത്ത ഈ നഗരവാസികളായ ഒരുപാട് അതിഥികൾ എന്റെ മുമ്പിൽ ഇരിക്കുന്നുണ്ട്. അഹ്മദിയ്യാ ജമാഅത്ത് വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞ ഇസ്ലാമിനെയാണ് വിശ്വസിക്കുന്നത്. നബി(സ) തിരുമേനിയ്ക്കിറങ്ങിയ അല്ലാഹുവിന്റെ ഈ ഗ്രന്ഥത്തിന്റെ അധ്യാപനത്തിൽ ബലാൽക്കാരം ചെയ്യാൻ അല്ലെങ്കിൽ അക്രമം കാണിക്കാൻ എവിടേയും എഴുതിയിട്ടില്ല. മറിച്ച് ശാന്തിയുടേയും സമാധാനത്തിന്റേയും അധ്യാപനമാണുള്ളത്. കഅ്ബ ദേവാലയം ആരാധനകൾക്കായി വരുന്ന മുസ്ലിംകളുടെ സ്ഥലമാണ്. ഓരോ വർഷവും ആയിരക്കണക്കിന് ലക്ഷക്കണക്കിന് എന്നല്ല കോടിക്കണക്കിന് ആളുകൾ അവിടെ സംഘടിക്കുന്നു. ജനങ്ങൾ ഉംറ ചെയ്യുന്നു. വർഷത്തിൽ ലക്ഷക്കണക്കിന് ആളുകൾ ഹജ്ജ് ചെയ്യുന്നു. ഇപ്പോൾ കുറച്ച് ദിവസം കഴിഞ്ഞാൽ ഹജ്ജ് ആരംഭിക്കുന്നതാണ്. ഹജ്ജിന്റെ ദിനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കഅ്ബ ദേവാലയത്തിൽ ചെയ്യുന്ന ഹജ്ജിന്റെ ഉദ്ദേശ്യം ഇവിടെ നിന്ന് ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം പ്രചരിക്കണമെന്നാണ്. പക്ഷേ, ചില സ്വാർഥമതികൾ ഈ സന്ദേശത്തെ പ്രചരിപ്പിക്കുന്നതിനു പകരം തങ്ങളുടെ സ്വന്തം നേട്ടങ്ങൾ കരസ്ഥമാക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇതുകൊണ്ട് ദൗർഭാഗ്യവശാൽ മുസ്ലിംകൾ ശാന്തിയും സമാധാനവും പ്രചരിപ്പിക്കുന്നതിനു പകരം ചിലയിടങ്ങളിൽ കുഴപ്പങ്ങൾക്ക് നിമിത്തമായിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി അമുസ്ലിംകളുടെമേൽ ദുസ്വാധീനമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്തായാലും ഇത് ഉണ്ടാകേണ്ടത് തന്നെയായിരുന്നു. കാരണം ഒരുകാലത്ത് ഇസ്ലാമനുസരിച്ചുള്ള കർമം ഇല്ലാതാകുമെന്നും വിശുദ്ധഖുർആന്റെ അധ്യാപനം മറന്നുപോകുമെന്നും അപ്പോൾ അല്ലാഹു ഒരു പരിഷ്കർത്താവിനെ അയക്കുമെന്നും, വാഗ്ദത്ത മസീഹിനെ അയക്കുമെന്നും മഹ്ദിയെ അയക്കുമെന്നും അദ്ദേഹം ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെ ലോകത്ത് വീണ്ടും നടപ്പിൽ വരുത്തുമെന്നും ഒരു പ്രവചനമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് ഈ ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

അല്ലാഹുവിന്റെ കൃപയാൽ ഇവിടെ ലജ്ന വലിയ ജോലികൾ ചെയ്തുവെന്ന് അമീർ സാഹിബ് പറയുകയുണ്ടായി. ഇതും ഇസ്ലാമിക അധ്യാപനങ്ങളുടെ ഒരു ഭാഗമാണ്. ഇസ്ലാം സ്ത്രീകൾക്കു നൽകിയ സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗമാണിത്. സ്വതന്ത്രരായിക്കൊണ്ട് പുരുഷന്മാരുടെ തണലിൽനിന്ന് വെളിയിലിറങ്ങി തങ്ങളുടെ സംഘടനയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നിങ്ങളുടെ നിർബന്ധകടമകൾ നിർവ്വഹിക്കുക. അതുപോലെ തന്നെ വീട്ടിലെ നിർബന്ധകാര്യങ്ങളും കുട്ടികളുടെ ശിക്ഷണവും പ്രബോധനപരമായ മറ്റു നിർബന്ധ കടമകളും നിങ്ങളുടെ വൃത്തങ്ങളിൽ നിർവഹിച്ചുകൊണ്ടിരിക്കുക. വിദ്യയും കരസ്ഥമാക്കുക. ഈ കല്പന കാരണത്താൽ ദൈവകൃപയാൽ നമ്മുടെ സ്ത്രീകൾ വിദ്യാഭ്യാസമേഖലയിൽ ചില സ്ഥലങ്ങളിൽ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. ജർമ്മനി ഒരു വികസ്വര രാഷ്ട്രമാണ്. ലോകത്ത് ഒരുപാട് ദരിദ്രരാഷ്ട്രങ്ങളുണ്ട്. അവിടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ല. വളരെ പ്രയാസപ്പെട്ടാണ് വിദ്യ അഭ്യസിക്കുന്നത്. തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ല. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ കുട്ടികൾ അല്ലാഹുവിന്റെ കൃപയാൽ വിദ്യ കരസ്ഥമാക്കുന്നു. നമ്മുടെ പെൺകുട്ടികളും സ്ത്രീകളും ചില സ്ഥലങ്ങളിൽ ആൺകുട്ടികളേക്കാൾ വിദ്യാസമ്പന്നരാണ്. ഇത് ഇസ്ലാം സ്ത്രീകൾക്ക് അവരുടെ അവകാശം നൽകുന്നില്ല എന്ന കാര്യത്തേയും ഖണ്ഡിക്കുന്നു. ഇസ്ലാമിൽ സ്ത്രീകളുടെ അവകാശങ്ങളുടെ അത്ഭുതകരങ്ങളായ ഉദാഹരണങ്ങളുണ്ട്. ഏതൊരു സ്ത്രീ തന്റെ പെൺകുട്ടികൾക്ക് ശിക്ഷണം നൽകുന്നുവോ വിദ്യാഭ്യാസം നൽകുന്നുവോ അവർക്ക് അല്ലാഹു സ്വർഗത്തിൽ ഉന്നതസ്ഥാനം നൽകുന്നതാണെന്ന് ഇസ്ലാമിന്റെ സ്ഥാപകർ പറഞ്ഞു. ഈ ജീവിതത്തിനുശേഷം മറ്റൊരു ജീവിതമുണ്ടെന്ന് വിശ്വസിക്കുന്നവർക്ക് ഇത് വളരെ വലിയൊരു ബഹുമതിയാണ്. ആൺകുട്ടികൾക്ക് ശിക്ഷണം നൽകുന്നു. ഇതും വളരെ അത്യാവശ്യമായ കാര്യമാണ്. കാരണം അവർ സമൂഹത്തിന്റെ നല്ലൊരു ഭാഗമായിത്തീരണം. അധിക ആൺകുട്ടികളും മാതാപിതാക്കൾക്ക് ഈ ലോകത്തും സാമ്പത്തികമായ നേട്ടങ്ങൾ ചെയ്തുകൊടുക്കുന്നതിന് മാർഗമായിത്തീരാറുണ്ട്. പ്രത്യേകിച്ചും നമ്മുടെ സമൂഹത്തിൽ അല്ലെങ്കിൽ കൂട്ടുകുടുംബമുള്ള മൂന്നാംലോക രാഷ്ട്രങ്ങളിൽ തങ്ങളുടെ വരുമാനംകൊണ്ട് മാതാപിതാക്കളെ സേവിച്ചുകൊണ്ടിരിക്കുന്ന ഒരുപാട് ആൺകുട്ടികളുണ്ട്. ഈ ലോകത്ത് (ശേഷം പേജ് 7ൽ)

Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ലോകത്തുവരുന്ന ഓരോ മനുഷ്യനും ഒരുനാൾ ഇവിടെ നിന്ന് വിടപറയേണ്ടവനാണ്. എന്നല്ല ഒരു വസ്തുവിനും അമരത്ത്വമില്ല. ചിലർ വളരെ ചെറുപ്രായത്തിൽ അല്ലാഹുവിന്റെ അടുത്തേക്ക് പോകുന്നു. അല്ലാഹു തന്റെ അടുത്തേക്ക് അവരെ വിളിക്കുന്നു; ചിലർ യുവത്വത്തിലും ചിലർ ദീർഘായുസ്സ് പ്രാപിച്ചും. ചിലയാളുകൾ തങ്ങളുടെ പ്രായത്തിന്റെ പരമമായ ഭാഗത്തും എത്താറുണ്ട്. അതിനെ അല്ലാഹു വിശുദ്ധ ഖുർആനിൽ പടുവാർധിക്യം എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ പ്രായത്തിലെത്തിയാൽ പിന്നീട് അവർക്ക് വീണ്ടും കുട്ടിക്കാലത്തെ വിവശതയുടേയും അജ്ഞതയുടേയും അവസ്ഥയായിത്തീരുന്നു. അവസാനം അവരും ഈ ലോകത്തുനിന്ന് വിടപറയുന്നു.**

**അല്ലാഹു നമുക്ക് സകല ബുദ്ധിമുട്ടിന്റേയും പ്രയാസത്തിന്റേയും വിഷമത്തിന്റേയും ആഘാതത്തിന്റേയും അവസ്ഥയിൽ അവന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടുകൊണ്ട് *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്ന ദുആ ചെയ്യാൻ പഠിപ്പിച്ചിരിക്കുന്നു. നമ്മൾ അല്ലാഹുവിന്റേതാണ്. അല്ലാഹുവിലേക്കുതന്നെ മടങ്ങുന്നവരുമാണ്. ഈ ലോകത്തുനിന്ന് വിടപറയുന്നയാളുടെ അടുത്ത ബന്ധു അങ്ങേയറ്റം ക്ഷമ പ്രകടിപ്പിക്കുമ്പോൾ, ഈ ദുആ ചെയ്യുമ്പോൾ, അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുന്നതോടൊപ്പം പിന്നിലുള്ളവരുടെ സമാധാനത്തിനുള്ള സാഹചര്യങ്ങളും ഉണ്ടാക്കുന്നു.**

**ഇറ്റലിയിലെ ഹൈക്കിംഗിന്നിടയിൽ അപകടത്തിൽ വഫാത്തായ യു.കെ. ജാമിഅ അഹ്മദിയ്യാ വിദ്യാർഥി സലീം സഫ്ർ സാഹിബിന്റെ മകൻ അസീസം രിദാസലീമിനെക്കുറിച്ചുള്ള അനുസ്മരണം.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 സെപ്റ്റംബർ 16/1395 തബൂഖ് 16**
**മസ്ജിദ് ബയ്ത്തുൽഫുതൂഹ് മോർഡൻ (ലണ്ടൻ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ـ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ـ اَلرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ
الدِّيْنِ ـ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ـ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ
اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ

ലോകത്തുവരുന്ന ഓരോ മനുഷ്യനും ഒരുനാൾ ഇവിടെ നിന്ന് വിടപറയേണ്ടവനാണ്. എന്നല്ല ഒരു വസ്തുവിനും അമരത്ത്വമില്ല. ചിലർ വളരെ ചെറുപ്രായത്തിൽ അല്ലാഹുവിന്റെ അടുത്തേക്ക് പോകുന്നു. അല്ലാഹു തന്റെ അടുത്തേക്ക് അവരെ വിളിക്കുന്നു; ചിലർ യുവത്വത്തിലും ചിലർ ദീർഘായുസ്സ് പ്രാപിച്ചും. ചിലയാളുകൾ തങ്ങളുടെ പ്രായത്തിന്റെ പരമമായ ഭാഗത്തും എത്താറുണ്ട്. അതിനെ അല്ലാഹു വിശുദ്ധ ഖുർആനിൽ *അർദലിൽ ഉമുരി* (പടുവാർധിക്യം)എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ പ്രായത്തിലെത്തിയാൽ പിന്നീട് അവർക്ക് വീണ്ടും കുട്ടിക്കാലത്തെ വിവശതയുടേയും അജ്ഞതയുടേയും അവസ്ഥയായിത്തീരുന്നു. അവസാനം അവരും ഈ ലോകത്തുനിന്ന് വിടപറയുന്നു. എല്ലാ ഓരോ അടുത്ത ബന്ധുക്കൾക്കും തങ്ങളുമായി അടുത്ത ബന്ധമുള്ളവർ ലോകത്തുനിന്ന് അവർ ഏതുപ്രായത്തിൽ വിട പറഞ്ഞാലും ദുഃഖമുണ്ടാകുന്നു. പക്ഷേ, ചില ആളുകളുണ്ട്. അവർ ഈ ലോകത്തുനിന്ന് വിടപറയുമ്പോൾ, വഫാത്താകുമ്പോൾ ദുഃഖിക്കുന്നവരുടെ വൃത്തം വളരെ വിശാലമായിരിക്കും. അത്തരം പ്രിയപ്പെട്ട വ്യക്തികൾ യുവത്വത്തിലോ, പെട്ടെന്നോ ഈ ലോകത്തുനിന്ന് വിടപറയുമ്പോൾ ദുഃഖവും വളരെ വർധിക്കുന്നു. പക്ഷേ, അല്ലാഹു നമുക്ക് സകല ബുദ്ധിമുട്ടിന്റേയും പ്രയാസത്തിന്റേയും വിഷമത്തിന്റേയും ആഘാതത്തിന്റേയും അവസ്ഥയിൽ അവന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടുകൊണ്ട് *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്ന ദുആ ചെയ്യാൻ പഠിപ്പിച്ചിരിക്കുന്നു. നമ്മൾ അല്ലാഹുവിന്റേതാണ്. അല്ലാഹുവിലേക്കുതന്നെ മടങ്ങുന്നവരുമാണ്. ഈ ലോകത്തുനിന്ന് വിടപറയുന്നയാളുടെ അടുത്ത ബന്ധു അങ്ങേയറ്റം ക്ഷമ പ്രകടിപ്പിക്കുമ്പോൾ, ഇങ്ങനെ ദുആ ചെയ്യുമ്പോൾ, അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുന്നതോടൊപ്പം പിന്നിലുള്ളവരുടെ സമാധാനത്തിനുള്ള സാഹചര്യങ്ങളും ഉണ്ടാക്കുന്നു.

കഴിഞ്ഞദിവസം ജാമിഅ അഹ്മദിയ്യായിലെ നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു വിദ്യാർഥി അപകടത്തിൽപ്പെട്ട് 23-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു:'അദ്ദേഹത്തിന്റെ സുഹൃത്ത് തന്റെ ഭാര്യയോടൊപ്പം അറിയിപ്പുകിട്ടി രണ്ടു മണിക്കൂറിനുള്ളിൽ പരേതന്റെ മാതാപിതാക്കളുടെ അടുത്ത് ദുഃഖം അറിയിക്കാൻ പോയി. അദ്ദേഹം പറയുന്നു: പ്രിയ സ്നേഹിതന്റെ ഉമ്മയുടെ 'അവൻ എന്റെ വളരെ പ്രിയപ്പെട്ട മകനായിരുന്നു. പക്ഷേ, അവനെ വിളിച്ചവൻ അതിനെക്കാൾ കൂടുതൽ അവനെ സ്നേഹിച്ചിരുന്നു' എന്ന വാക്കുകൾ കേട്ട് എന്റെ ഭാര്യയുടെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. ഇതാണ് വിശ്വാസപരമായ പ്രൗഢി ഉൾക്കൊള്ളുന്ന മറുപടി. അതു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിക്കുന്നവരിൽ കാണാൻ കഴിയുന്നു. ഒരു തരത്തിലുള്ള നിലവിളിയോ മുറവിളിയോ ഇല്ല. വിഷമം എന്തായാലും ഉണ്ടാകുകതന്നെ ചെയ്യും. അതിൽ മനുഷ്യൻ കരയുകയും ചെയ്യും. വിഷമത്തിന്റെ പരമമായ അവസ്ഥയുമുണ്ടാകും. യുവാവായ മകൻ മരിക്കുമ്പോൾ ഉമ്മയെക്കാൾ അധികം വിഷമമുണ്ടാകുന്നത് ആർക്കാണ്. അവരെക്കാളധികം ആർക്കാണ് ബുദ്ധിമുട്ടുണ്ടാകുന്നത്. അല്ലെങ്കിൽ യുവാവായ മകൻ വിടപറയുമ്പോൾ പിതാവിനെക്കാളധികം ദുഖം ആർക്കാണുണ്ടാകുക. പിതാവിനെ സംബന്ധിച്ച് എന്നോടു പറഞ്ഞത്, അപകടവിവരം അറിഞ്ഞുടനെ അങ്ങേയറ്റം ദുഃഖാവസ്ഥയിലായിരുന്നു. കരയുകയും ചെയ്തു. ദുആയും ചെയ്തുകൊണ്ടിരുന്നിട്ടുണ്ടാകും. പക്ഷേ, വിശദമായ വിവരം അറിഞ്ഞപ്പോൾ, അല്പ സമയത്തിനുശേഷം മരണവിവരം അറിഞ്ഞപ്പോൾ ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊനി ൽ പൂർണമായും സമാധാനിയായി. ഇതുതന്നെയാണ് യഥാർഥ വിശ്വാസപരമായ മാഹാത്മ്യം. യുവാവായ കുട്ടിയുടെ പൊടുന്നനെയുള്ള മരണം അത്രപ്പെട്ടെന്ന് മറക്കാൻ കഴിയുകയില്ല. പക്ഷേ, ഒരു വിശ്വാസി തന്റെ ദുഃഖം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി വിവരിക്കുന്നു. കരയുകയും ചെയ്യുന്നു. മനഃശ്ശാന്തിക്കും പരേതന്റെ ദർജകളുടെ ഉയർച്ചയ്ക്കും വേണ്ടി ദുആയും ചെയ്യുന്നു.

ഞാൻ ജർമനി യാത്രയിലായിരുന്നു. മടക്കയാത്ര അന്ന് ആരംഭിച്ചിരുന്നു. യാത്ര തുടങ്ങുന്നതിനുമുമ്പേ അപകടമുണ്ടായെന്ന് എനിക്ക് അറിയിപ്പു കിട്ടിയിരുന്നു. പിന്നീട് വഴിയിൽവച്ച് മരണവിവരവും അറിഞ്ഞു. പ്രിയപ്പെട്ട കുട്ടിയുടെ മുഖം ആവർത്തിച്ചാവർത്തിച്ച് എന്റെ മുമ്പിൽ വന്നു കൊണ്ടിരുന്നു. ദുആ ചെയ്യാൻ തൗഫീഖും കിട്ടിക്കൊണ്ടിരുന്നു. വളരെ പ്രിയപ്പെട്ട കുട്ടിയായിരുന്നു. യു.കെ.ജാമിആയിലെ കുട്ടികൾ പതിവായി എന്നെ കണ്ടുകൊണ്ടിരിക്കുന്നവരാണ്. അതുകൊണ്ട് അവർ ഓരോരുത്തരോടും വ്യക്തിപരമായ ഒരു ബന്ധവും കൂടിയുണ്ട്. അറിയുകയും ചെയ്യും. കൂടിക്കാഴ്ചക്കിടയിൽ എന്റെയടുത്ത് സമയമുണ്ടെങ്കിൽ ചോദ്യോത്തരവും അവർ നടത്താറുണ്ട്. ഞാനുമായി നടന്ന ഈ കുട്ടിയുടെ അവസാന കൂടിക്കാഴ്ചയിൽ കുറച്ചു ചോദ്യങ്ങൾ അവന്റെ മനസ്സിലുണ്ടായിരുന്നു. അതിനു മറുപടി പറയാൻ കുറച്ചു സമയമെടുത്തു. വളരെ വിശദീകരിച്ച് അവന് ഞാൻ പറഞ്ഞുകൊടുത്തു. ഈ കൂടിക്കാഴ്ചയ്ക്കുശേഷം 'രിദാ' വളരെ സന്തോഷവാനായിരുന്നുവെന്നും ഇന്ന് കുറഞ്ഞത് 15, 16 മിനിറ്റ് നടന്ന കൂടിക്കാഴ്ചയിൽ തന്റെ ചോദ്യത്തിന് വിശദമായ മറുപടി കിട്ടിയെന്ന് പറഞ്ഞിരുന്നുവെ ന്നും അവന്റെ പിതാവ് പറഞ്ഞപ്പോഴാണ് ഇത് എനിക്കോർമ വന്നത്. എപ്പോഴും അവന്റെ കണ്ണുകളിൽ ഖിലാഫത്തിനോടു ഒരു പ്രത്യേക സ്നേഹവും തിളക്കവുമുണ്ടായിരുന്നു. ജാമിആയിൽ ചേർന്നപ്പോൾ അവന് കളിതമാശകളിലായിരിക്കും കൂടുതൽ താല്പര്യമുണ്ടാകുക എന്നാണ് ഞാൻ ധരിച്ചിരുന്നത്. അവന്റെ ആത്മാർഥതയും കൂറും എല്ലാ അഹ്മദികളുടേതു പോലെയായിരിക്കുമെന്നും കരുതി. കുട്ടിപ്രായത്തിലുണ്ടാകുന്ന കുട്ടികളുടെ പ്രകൃതി ആയിരിക്കുമെന്ന് തോന്നി. പക്ഷേ, ഈ കുട്ടി എന്റെ കണക്കുകൂട്ടലുകളെല്ലാം തികച്ചും തെറ്റാണെന്ന് സ്ഥാപിച്ചു. പഠിത്തത്തിലും സമർഥനായിരുന്നു. കളികളിൽ താൽപര്യമുണ്ടായിരുന്നുവെന്നത് ശരിതന്നെ. എന്നാൽ, ആത്മാർഥതയിലും കൂറിലും വളരെ വളർന്നു കഴിഞ്ഞിട്ടുണ്ടായിരുന്നു. ഖിലാഫത്തിന്റേയും ദീനിന്റേയും സംരക്ഷണത്തിന് താൻ നഗ്നമായ വാളായിത്തീരണമെന്നുള്ള ഒരു വികാരമായിരുന്നു അവനിലുണ്ടായിരുന്നത്. അവന്റെ സ്നേഹിതന്മാർ എഴുതിയ ചില അവ

സ്ഥകളിൽനിന്ന് അവൻ അതു ചെയ്തു കാണിക്കുകയും ചെയ്തു. ധാരാളമാളുകൾ അവന്റെ സുഹൃത്തുക്കൾ, അവന്റെ ക്ലാസ്ഫെല്ലോകൾ, ജാമിആയിലെ വിദ്യാർഥികൾ, സഹോദരിസഹദരന്മാർ, മാതാപിതാക്കൾ അവന്റെ ഉത്കൃഷ്ട ഗുണങ്ങൾ എന്നെ എഴുതി അറിയിച്ചിട്ടുണ്ട്. ഒരു കാര്യം ഏകദേശം എല്ലാവരും എഴുതിയിട്ടുണ്ട്. അതായത് വിനയം, സൽസ്വഭാവം, ദീനിനോടുള്ള അഭിമാനം, ഖിലാഫത്തുമായിട്ടുള്ള ബന്ധം, സ്നേഹം, അതിഥിസൽക്കാരം, വികാരങ്ങളെ മാനിക്കൽ ഇത് അവന്റെ പ്രത്യേക ഗുണങ്ങളായിരുന്നു. അത്തരക്കാർ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് സ്വർഗം നിർബന്ധമാക്കപ്പെട്ടവരുടെ കൂട്ടത്തിൽപ്പെട്ടവരാണ്. അവരെ എല്ലാവരും പ്രശംസിക്കുന്നു. ഈ കുട്ടി ദീനീസേവനത്തിന് ഒരു പ്രത്യേകവികാരം ഉൾക്കൊണ്ടിരുന്നു. കളികളിലും ഹൈക്കിംഗ് തുടങ്ങയവയിലും പങ്കെടുത്തിരുന്നത് ആരോഗ്യമുള്ള ശരീരം ദീനീ സേവനത്തിന് നിർബന്ധമായതുകൊണ്ടാകാം. അവന്റെ വിവരങ്ങൾ എഴുതിയവർ ഈ പ്രിയപ്പെട്ട കുട്ടിയെ കുറിച്ച് എന്തൊന്ന് പ്രകടിപ്പിച്ചുവോ ആ എല്ലാ പ്രകടനവും അവന്റെ സവശേഷതകൾ പ്രകടിപ്പിക്കുന്നതാണ്.

അസീസം രിദാ സലീം നമ്മുടെ പ്രൈവറ്റ് സെക്രട്ടറി ഓഫീസിലെ ഉദ്യോഗസ്ഥനായ സലീം സഫ്ർ സാഹിബിന്റെ മകനാണ്. 2016 സെപ്റ്റംബർ 10 ന് ഇറ്റലിയിൽ ഹൈക്കിംഗിന്നിടയിൽ ഒരു അപകടത്തിൽപ്പെട്ട് വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* രിദാ 1993 സെപ്റ്റംബർ 27ന് യു.കെ യിലെ ഗൽഫോർഡിൽ ജനിച്ചു. വഖ്ഫെനൗ പദ്ധതിയിൽ അംഗമായിരുന്നു. അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അവരുടെ പ്രപിതാവായ അലാഹ് ദീൻ സാഹിബു മുഖേനയായിരുന്നു. ഖാദിയാനടുത്തുള്ള ഒരു ഗ്രാമവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈയിലാണ് ബയ്അത്തു ചെയ്തത്. 'രിദാ' 2012 ൽ ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ചു. ഈ കുട്ടി തന്റെ കുടുംബത്തിലെ ആദ്യത്തെ മുറബ്ബിയാകുകയായിരുന്നു. മൂന്നാംക്ലാസ് പാസായി കഴിഞ്ഞിരുന്നു. നാലാംക്ലാസിലേക്ക് പോകാൻ പോകുകയായിരുന്നു. പരേതൻ മൂസിയായിരുന്നു. വസിയ്യത്ത് ഫോറം പൂരിപ്പിച്ചു കഴിഞ്ഞിരുന്നു. തുടർ നടപടികൾ നടക്കുകയായിരുന്നു. വസിയ്യത്ത് അംഗീകരിച്ചിരിക്കുന്നുവെന്ന് ഞാൻ കാർപർദാസിന് എഴുതിയിട്ടുണ്ട്. മാതാപിതാക്കൾക്കുപുറമെ രണ്ടു സഹോദരിമാരും രണ്ടു സഹോദരന്മാരുമുണ്ട്.

ഹൈക്കിംഗിന് കൂടെപ്പോയിരുന്ന യു.കെ.ജാമിഅയിലെ ഉസ്താദും ഇൻചാർജുമായ ഹാഫിള് ഇഅ്ജാസ് അഹ്മദ് സാഹിബ് ഈ സംഭവത്തിന്റെ കുറച്ചു വിശദീകരണങ്ങൾ സ്മരിച്ചുകൊണ്ടെഴുതുന്നു: "ഞങ്ങൾ ഒരു ദിവസം മുമ്പേ പർവ്വതത്തിന്റെ ഉച്ചിയിലെത്തുകയും രാത്രിയിൽ ഏകദേശം 500 മീറ്റർ താഴെ ഒരു കുടിലിൽ കഴിച്ചുകൂട്ടുകയും ചെയ്തു. മുകളിൽനിന്ന് താഴെ വന്നിരുന്നു. ദുർഘടകരമായ ആ വഴി താണ്ടിക്കഴിഞ്ഞിരുന്നു. അവിടെ ഞങ്ങളോടൊപ്പം പത്തിനോടടുത്ത് മറ്റു ഹൈക്കേർസുമുണ്ടായിരുന്നു. രാവിലെ ഏകദേശം എട്ടു മണിക്ക് ഞങ്ങൾ കുടിലിൽനിന്ന് മടക്കയാത്ര ആരംഭിച്ചു. ആ നേരത്ത് തികച്ചും നല്ല കാലാവസ്ഥയായിരുന്നു. ഞങ്ങളെല്ലാവരും ലൈനിൽ ഒന്നിച്ചുപോകുകയായിരുന്നു. പൊടുന്നനെ അസീസം രിദാ സലീമിന്റെ കാൽ വഴുതി ഏതോ കല്ലിൽ അടിച്ചു. ഇക്കാരണത്താൽ അവന് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അതിവേഗംകൊണ്ട് നിയന്ത്രണംവിട്ട കാരണത്താൽ മുന്നോട്ടു ഓടി. എന്നാൽ, നിയന്ത്രിക്കാൻ സാധിക്കാതെ വരികയും തലകുത്തി വീഴുകയും ചെയ്തു. ഹെൽമറ്റ് ധരിച്ചിട്ടുണ്ടായിരുന്നു. അതുണ്ടായിട്ടും താഴെ വീണ കാരണത്താൽ തലക്ക് പരിക്കേറ്റു. ഡോക്ടർമാർ വിചാരിക്കുന്നത് വീഴുന്നതിന്നിടയിൽ ആദ്യമെ തന്നെ അല്ലെങ്കിൽ പരിക്കേൽക്കുന്നതിനുമുമ്പേ തന്നെ ശ്വാസം നിലച്ചിരുന്നുവെന്നാണ്. എന്തായാലും കുത്തനെയായിരുന്നു വീണത്. അദ്ദേഹം പറയുന്നു: 'ഇത്രയുമായപ്പോൾ ഞാൻ അവനെ പിടിക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ, അതിൽ എനിക്ക് വിജയിക്കാൻ കഴിഞ്ഞില്ല. മുന്നിൽ പൊയ്ക്കൊണ്ടിരുന്ന വേറൊരു വിദ്യാർഥി അസീസം ഹുമയൂൺ അവനെ വിളിച്ചു. ഹുമയൂണും അവനെ പിടിക്കാൻ ശ്രമിച്ചു. കൈ തൊടുകയും ചെയ്തു. എന്നാൽ, പിടിക്കുന്നതിൽ വിജയിക്കാൻ കഴിഞ്ഞില്ല. അസീസം രിദാ സലീം കൊക്കയിലേക്ക് വീണു. അപകടം കണ്ടുകൊണ്ട് മറ്റുചില വിദ്യാർഥികളും താഴെ പോകാൻ ശ്രമിച്ചു.' പറയുന്നു: എന്നാൽ, ഞാൻ അവരെ വിലക്കി. കാരണം ആ സമയത്തെ ആഘാതം (Shock) കാരണത്താൽ ആർക്കും നടക്കാൻ ശക്തിയില്ലായിരുന്നു. മറ്റൊന്ന് അതുകൊണ്ട് വൻദുരന്തമുണ്ടാകാൻ സാധ്യതയുണ്ടായിരുന്നു. അതുകഴിഞ്ഞ് അതിലെ പോയ വഴിപോക്കരുടെ സഹായത്താൽ മറ്റു വിദ്യാർഥികളെ മുകളിൽ കൊണ്ടുവന്നു. ഇവരും ഒരുപാട് താഴെ ഇറങ്ങിയിരുന്നു. അപകടം നടന്നുടനെ എമർജൻസി സർവീസുകാരെ ഫോണിലൂടെ വിവരം അറിയിച്ചു. 20 മിനിറ്റിനുള്ളിൽ ഹെലികോപ്റ്റർ വന്നു. അസീസം ഞങ്ങളുടെ കൺമുമ്പിലുണ്ടായിരുന്നു. ഞങ്ങൾ ഹെലികോപ്റ്റർകാർക്ക് സ്ഥലം പറഞ്ഞുകൊടുത്തു. അവിടെ അവർ ഹെലികോപ്റ്ററിന്റെ സഹായത്താൽ തങ്ങളുടെ ആളെ ഇറക്കി. എല്ലാഗ്രൂപ്പുകാരും ഹെലിപാഡിൽ എത്തുന്നതുവരെ അവർ അസീസം രിദാ സലീമിന്റെ മരണത്തെ സംബന്ധിച്ച് ഒരു വാർത്തയും നല്കിയിരുന്നില്ല. എല്ലാ വിദ്യാർഥികളും ഹെലിപ്പാഡിന്നടുത്ത് സുഖമായി എത്തിക്കഴിഞ്ഞപ്പോൾ എമർജൻസി സർവീസുകാർ അസീസം രിദാ സലീമിന്റെ മരണം സ്ഥിരീകരിച്ചു. അതിനുശേഷം ഒരു മണിക്കൂറിനുള്ളിൽ എല്ലാ വിദ്യാർഥികളേയും ഹെലികോപ്റ്റർ മുഖേന അടുത്ത പട്ടണത്തിൽ എത്തിച്ചു. ഈ അപകടം നടക്കുമ്പോൾ നല്ല കാലാവസ്ഥയായിരുന്നു. ഏത് ട്രാക്കിലൂടെയാണോ ഞങ്ങൾ നടന്നിരുന്നത് അതിന്റെ പേരു തന്നെ നോർമൽ ട്രാക് ടൂ പാക് എന്നാണ്. രിദാ സലീമിന്റെ പിതാവും അവിടെ പോയിരുന്നു. അദ്ദേഹവും എന്നോടു പറഞ്ഞു, അവിടത്തെ ആളുകളെ കണ്ടു. തികച്ചും നോർമലായ റോഡായിരുന്നുവെന്ന് അവർ പറഞ്ഞു. ഒരു ബുദ്ധിമുട്ടും ഇല്ലാത്ത വഴിയാണ്. ഞങ്ങളുടെ കുട്ടികളും ഇതുവഴി കടന്നുപോകാറുണ്ട്. ഒരു വൃദ്ധൻ വന്നു. താൻ നിത്യവും ഇതുവഴി സവാരി ചെയ്യാറുണ്ടെന്ന് അയാളും പറഞ്ഞു. പറയുന്നു: പൊതുവെ കുട്ടികളും വലിയവരുമെല്ലാം ഈ ട്രാക്കിലൂടെയാണ് പോകുന്നത്. അതുവഴി പോകുന്ന തദ്ദേശവാസികളിൽ ഈ വാർത്ത അറിഞ്ഞവരെല്ലാം പറഞ്ഞത് ബാഹ്യമായി നോക്കുമ്പോൾ ഈ ട്രാക്കിൽ ഒരു അപകടവുമില്ലെന്നാണ്. എന്തായാലും അല്ലാഹുവിന്റെ വിധിയായിട്ടുതന്നെയാണ് മനസ്സിലാകുന്നത്.

ഈ വിശദീകരണമെല്ലാം ഞാൻ പറഞ്ഞത് ചിലയാളുകൾ ഫോണിലൂടേയും വാട്ട്സാപ്പിലൂടേയും അല്ലെങ്കിൽ മറ്റു മാർഗങ്ങളിലൂടെ തെറ്റായ വിവരങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതിനാലാണ്. ഒറ്റയ്ക്കു വെളിയിൽ പോയിട്ടുണ്ടാകും. കാലാവസ്ഥ മോശമായിരുന്നിരിക്കും. ഒരുക്കങ്ങളൊന്നും ചെയ്തിട്ടുണ്ടാവില്ല. വസ്ത്രം ധരിച്ചിട്ടുണ്ടാവില്ല. വാസ്തവത്തിൽ അവിടത്തെ തദ്ദേശ പത്രങ്ങൾ കൊടുത്ത വാർത്തയും ആവശ്യമുള്ള സാധനസാമഗ്രികളും വസ്ത്രങ്ങളും അവർ പൂർണമായും അണിഞ്ഞിരുന്നുവെന്നാണ്. അത്തരം ചർച്ചകൾ ചെയ്യുന്നവരും ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ വ്യർഥമായ ചർച്ചകൾ നടത്തുന്നതിനുപകരം സഹതാപത്തിന്റെ വികാരപ്രകടനമാണുണ്ടാകേണ്ടത്. അതിൽ സംഘാടകരുടെ തെറ്റൊന്നുമില്ല. മറ്റാരുടേയും തെറ്റുമില്ല. അല്ലാഹു ഒരു സമയം വെച്ചിരുന്നു. അത് വന്നു. കല്ലിളകിയോ, അല്ലെങ്കിൽ എന്തുണ്ടായി, എങ്ങനെ വീണു, തലകറക്കമുണ്ടായോ, അല്ലെങ്കിൽ എന്തുകാരണമാണുണ്ടായതെങ്കിലും ഒരു വിധിയായിരുന്നു. അല്ലാഹു ഇത്ര ജീവിതമെ വെച്ചിട്ടുണ്ടാകുകയുള്ളൂ. കൂടെയുണ്ടായിരുന്ന മറ്റു കുട്ടികളും ആഘാതത്തിലാണുള്ളത്. അല്ലാഹു അവർക്കും ധൈര്യവും ഉന്മേഷവും നല്കുമാറാകട്ടെ. തങ്ങളുടെ പൊതുജീവിതത്തിലേക്ക് പെട്ടെന്ന് മടങ്ങി വരുമാറാകട്ടെ. ഓർമകൾ മറക്കാൻ കഴിയുകയില്ല. ഞാൻ ആദ്യവും പറഞ്ഞതുപോലെ സുഹൃത്തുക്കളിൽ ഇതിനെക്കുറിച്ചുള്ള ചർച്ച നടന്നുകൊണ്ടേയിരിക്കും. പക്ഷേ, അതുകൊണ്ട് ജാമിആയിലെ വിദ്യാർഥികൾക്കും ഒരു തരത്തിലുള്ള നിരാശയുണ്ടാകാൻ പാടില്ല. ഭയമുണ്ടാകാനും പാടില്ല.

സലീം സഫ്ർ സാഹിബെഴുതുന്നു: 'അവൻ എന്റെ ഏറ്റവും പ്രിയപ്പെട്ട മകനായിരുന്നു. ഒരുപാട് ഉൽകൃഷ്ട ഗുണങ്ങളുടെ ഉടമയായിരുന്നു. ഒന്നുരണ്ടെണ്ണം സ്മരിക്കുകയാണ്. എപ്പോഴും സത്യം മാത്രമേ പറയാറുള്ളൂ. എന്തെങ്കിലും തെറ്റു സംഭവിച്ചുപോയാൽ മറച്ചുവെക്കുമായിരുന്നില്ല. വഴക്കുകേൾക്കേണ്ടിവന്നാലും അത് പരിഗണിക്കുമായിരുന്നില്ല. തന്റെ തെറ്റ് സമ്മതിക്കുക, സത്യത്തിൽനിലകൊള്ളുക എന്നത് അവന്റെ ശീലത്തിൽപ്പെട്ടതായിരുന്നു. കുട്ടികളെ അതിയായി സ്നേഹിച്ചിരുന്നു. തന്റെ സഹോദരിയുടെ മക്കളെ ഏറെ സ്നേഹിച്ചിരുന്നു. സഹോദരി മക്കളെ വഴക്കുപറഞ്ഞാൽ എത്രമാത്രം ശുദ്ധ ഹൃദയമായിരുന്നുവെന്നാൽ സ്വയം ഇരുന്ന് കരയുമായിരുന്നു. തല്ലുന്നതുകൊണ്ട് കുട്ടികളുടെ പരിഷ്കരണം നടക്കുകയില്ലെന്ന് പറയുമായിരുന്നു.' ഞാനുമായുള്ള കൂടിക്കാഴ്ചയെ കുറിച്ച് അദ്ദേഹം നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. അദ്ദേഹമെഴുതി: 'എപ്പോൾ കൂടിക്കാഴ്ച നടന്നാലും വളരെ സന്തോഷത്തോടെ ഇന്ന് കൂടിക്കാഴ്ച നടന്നുവെന്ന് ഫോൺചെയ്ത് പറഞ്ഞ് ഞങ്ങളേയും ആ സന്തോഷത്തിൽ പെടുത്തുമായിരുന്നു.' ഇങ്ങനേയും പറയുന്നു: 'കൂടിക്കാഴ്ചയ്ക്കുമുമ്പേ ഓഫീസിൽനിന്ന് നൈൽകട്ടർ നിർബന്ധമായും ചോദിച്ചു വാങ്ങിയിരുന്നു. താൻ ഉള്ളിൽ പോകുകയാണ്. കൂടി

## ഇർശാദുന്നബ്വി(സ)

"നമസ്കാരം അതിന്റെ നിശ്ചിതസമയത്ത് നിർവഹിക്കലാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്വി(സ)

"നിന്റെ ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടത് നിന്റെ മാതാവാകുന്നു; അതുകഴിഞ്ഞാൽ നിന്റെ പിതാവ്"

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്വി(സ)

"ഉപജീവനത്തിൽ വിശാലത കിട്ടാനും ദീർഘായുസ്സ് ലഭിക്കാനും വല്ലവനും ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തിക്കൊള്ളട്ടെ.' (ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ക്കാഴ്ച നടത്തുമ്പോൾ ഖലീഫത്തുൽ മസീഹി ന്റെ കൈയിൽ തന്റെ നഖം കൊള്ളരുതെന്ന നിലയിലായിരുന്നു അത്.' അതിസൂക്ഷ്മമായ ഈ ബോധമുള്ളവർ എത്രപേരുണ്ട്? മറ്റുള്ളവർക്ക് സാധനങ്ങൾ കൊടുത്ത് സന്തോഷിക്കുമായിരുന്നു. പറയുന്നു: 'ഞങ്ങൾ ചെറുപ്പം മുതലെ ചോക്ലേറ്റ് അല്ലെങ്കിൽ മറ്റു സാധനങ്ങൾ അവനുവേണ്ടി വാങ്ങി വരുമായിരുന്നു. ഒരു ആഴ്ചയ്ക്കുള്ള ആ സാധനം ആദ്യദിവസം അവന്റെ കൈയിൽകിട്ടിയാൽ ഉടനെ കൊണ്ടുപോയി തന്റെ സ്കൂൾകുട്ടികൾക്ക് വിതരണം ചെയ്യുമായിരുന്നു. ആഴ്ചയുടെ അവസാനം (weekend) വീട്ടിൽ പോകാൻ പറ്റാത്ത ലണ്ടന് പുറത്തുനിന്ന് വന്നിട്ടുള്ള ഇത്ര കുട്ടികൾ തന്റെ കൂടെ വരുന്നുണ്ടെന്നും അവർ നമ്മുടെ കൂടെയിരുന്ന് ഭക്ഷണം കഴിക്കുമെന്നും അവർക്ക് ഭക്ഷണം തയ്യാറാക്കണമെന്നും ജാമിഅയിൽ പഠിക്കുന്നതിന്നിടയിലും ഉമ്മയേയോ സഹോദരിയേയോ വിളിച്ചു പറയുമായിരുന്നു. ഹോസ്റ്റലിൽ പോകുകയല്ലെ, ഇതു കൊണ്ടു പൊയ്ക്കൊള്ളുക എന്ന് പറഞ്ഞ് തിന്നാനുള്ള എന്തെങ്കിലും സാധനം കൊടുത്താൽ റൂമേറ്റുകൾക്ക്(Room mate) കൊടുക്കാൻ തികയുമെന്ന് കണ്ടാൽ മാത്രം കൊണ്ടുപോകും ഇല്ലെങ്കിൽ ഉപേക്ഷിച്ചുപോകും. ഒളിച്ചും പാത്തും തനിക്ക് തിന്നാൻ കഴിയുകയില്ലെന്ന് പറയുമായിരുന്നു. തന്റെ കൂട്ടുകാരുടെ വസ്ത്രങ്ങളും ഇടയ്ക്കിടയ്ക്ക് വീട്ടിൽ കൊണ്ടുവരുമായിരുന്നു. തന്റെ കൂട്ടുകാരുടെ വസ്ത്രമാണെന്നും അതു കഴുകി ഇസ്തരിയിട്ട് വെക്കണമെന്നും പറയുമായിരുന്നു. സഹോദരി സഹോദരന്മാരോടും വളരെ സ്നേഹബന്ധമായിരുന്നു. പൂർണ ഉത്തരവാദിത്വത്തോടെ എല്ലാ ജോലിയും ചെയ്യുക, സേവനം ചെയ്യുക, തനിക്കുവേണ്ടി കൈ തടഞ്ഞുവെക്കുമായിരുന്നെങ്കിലും –അതിന് പിശുക്ക് എന്ന് പറയാൻ പാടില്ല – അമിതവ്യയമുണ്ടായിരുന്നില്ല. പക്ഷേ, മറ്റുള്ളവർക്ക് അവൻ തുറന്ന കൈയായിരുന്നു. അവന്റെ വസിയ്യത്തും ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ കൃപയാൽ അംഗീകരിക്കപ്പെട്ടു.

'ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഖിലാഫത്തിനോടും അതുല്യമായ സ്നേഹമായിരുന്നു. അതിന്നെതിരിൽ ഒരു വാക്കും സഹിക്കുമായിരുന്നില്ല. കാര്യങ്ങൾകേട്ട് ഒരിക്കലും മൗനം പാലിച്ചിരിക്കുമായിരുന്നില്ല. അത്തരം കാര്യമെന്തെങ്കിലും കേട്ടാൽ അതാരായാലും വേണ്ടില്ല എപ്പോഴും മുഖം ചെമക്കുമായിരുന്നു. പറയുന്നു: 'വളരെ സഹിഷ്ണുവായിരുന്നു. ഒന്നും ചോദിച്ചു വാങ്ങുമായിരുന്നില്ല. അതു കൊണ്ട് അവന്റെ ആവശ്യങ്ങൾ ഞങ്ങൾതന്നെ ശ്രദ്ധിക്കണമായിരുന്നു. പഠനത്തിന്നിടയിൽ യു.കെ.ക്ക് വെളിയിൽനിന്നു വരുന്ന കുട്ടികളെ പ്രത്യേകിച്ചും യൂറോപ്പിൽ നിന്നു വരുന്നവരെ എപ്പോഴും ഇംഗ്ലീഷ് വിഷയത്തിൽ ഒരുപാട് സഹായിക്കുമായിരുന്നു. ഇംഗ്ലീഷു പരീക്ഷ നടക്കുന്ന അവസരത്തിൽ ഒരുപാട് പഠിക്കാൻ സഹായിച്ചിരുന്നുവെന്ന് ചില കുട്ടികളും എനിക്കെഴുതിയിട്ടുണ്ട്. വലിയ സീനിയർ കുട്ടികളും എഴുതിയിട്ടുണ്ട്. പഠിപ്പിക്കാറുണ്ടായിരുന്നു. ദ്വേഷം പേരിനുപോലും ഉണ്ടായിരുന്നില്ല. എപ്പോഴും ചിരിച്ചും പുഞ്ചിരിച്ചുമാണ് കണ്ടിരുന്നത്. ഇത് എല്ലാവരും എഴുതിയിട്ടുണ്ട്. ശുദ്ധമായ ഫലിതങ്ങൾ പറയുകയും അത് ആസ്വദിക്കുകയും ചെയ്യുമായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. അവൻ വഖ്ഫെ നൗവിലായിരുന്നു. പിതാവ് പറയുന്നു: 'വാഖ്ഫെ സിന്ദഗീ എന്ന ബഹുമതിയും അല്ലാഹു അവന് നല്കി. എപ്പോഴും സത്യം പറഞ്ഞ് തന്റെ സത്യസന്ധത എന്ന ഗുണവിശേഷത്തിൽ തന്റെ കഴിവനുസരിച്ച് ഭാഗഭാക്കായി.'പറയുന്നു: 'എന്റെ ചിരകാലാഗ്രഹമായിരുന്നു ഇവൻ മുറബ്ബിയായി ജമാഅത്തിന് സേവനം ചെയ്യണമെന്നത്.' അദ്ദേഹം എന്നോടു പറഞ്ഞപ്പോഴും ഞാൻ അദ്ദേഹത്തോടു പറഞ്ഞത് ഈ കുട്ടി ജാമിഅയിലെ പഠനം പൂർത്തിയാക്കുന്നതിനുമുമ്പേ മുറബ്ബിയായി കഴിഞ്ഞിരിക്കുന്നുവെന്നാണ്. തർബിയ്യത്തിനും തബ്ലീഗിനും പരേതന് എത്രമാത്രം താൽപര്യമായിരുന്നുവെന്നതിനെ സംബന്ധിച്ചും ചില സംഭവങ്ങൾ പറയുന്നതാണ്. ഈ യാത്രയും ഞാൻ പറഞ്ഞതുപോലെ തീർച്ചയായും ആരോഗ്യമുള്ള ശരീരത്തിനുവേണ്ടിയുള്ളതായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതും ഒരു ദീനീയാത്രയെന്ന് പറയേണ്ടതാണ്. അല്ലാഹു ഈ കുട്ടിയുടെ പദവികളും ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. തന്റെ സമീപസ്ഥരിൽ ഇടം നല്കുമാറാകട്ടെ. രിദായുടെ പിതാവ് എഴുതുന്നു: 'വഖ്ഫെ ആർസിയിൽ മാഞ്ചസ്റ്ററിൽ പോയിരുന്നു. മടങ്ങിവരേണ്ട ദിവസം ആരോ പോക്കറ്റിൽ ഒരു കവറിട്ടുകൊടുത്തു. അവൻ അത് തുറന്നു നോക്കി. അതിൽ കുറച്ചു പണമായിരുന്നു. രിദാ നന്ദിയോടുകൂടി, 'അങ്കിൾ! ഞങ്ങൾക്കിത് വാങ്ങാൻ പാടില്ല' എന്നു പറഞ്ഞ് അത് മടക്കി നല്കി. മുറബ്ബിയായിക്കൊണ്ടിരിക്കുന്ന ഒരു ചെറിയ കുട്ടി ഇവിടെ വന്നിരുന്നുവെന്നും തങ്ങളെ അത്ഭുതപ്പെടുത്തിയാണ് ഇവിടെനിന്ന് മടങ്ങിപ്പോയതെന്നും അത്തരം കുട്ടികൾ മുറബ്ബിയാകുകയാണെങ്കിൽ തീർച്ചയായും ജമാഅത്തിൽ ആത്മീയമായ വിപ്ലവമുണ്ടാകുന്നതാണെന്നും പറഞ്ഞ് ആ വ്യക്തി പിന്നീട് നേരിട്ടും എനിക്ക് കത്തെഴുതിയിരുന്നു. അതായത് ഇങ്ങനെ അവന് കൊടുത്തുവെന്നും എന്നാൽ വാങ്ങിയില്ലെന്നും തന്റെ ജോലി വളരെ കഠിനാധ്വാനത്തോടെ നിർവഹിച്ചിരുന്നുവെന്നും അദ്ദേഹം എനിക്കെഴുതിയിരുന്നു.'

രിദായുടെ ഉമ്മ എഴുതുന്നു:'എന്റെ മകൻ തന്റെ മാതാപിതാക്കളേയും ജമാഅത്തിനേയും അനുസരിക്കുന്നവനായിരുന്നു. എന്നോടുള്ള അവന്റെസ്നേഹബന്ധം –എല്ലാ മക്കൾക്കും തങ്ങളുടെ മാതാപിതാക്കളോട് സ്നേഹബന്ധമുണ്ടാകും–പക്ഷേ, ഇവന്റെ സ്നേഹത്തിന്റെ രീതി വളരെ അസാധാരണമായിരുന്നു. പറഞ്ഞാൽ അനുസരിക്കുന്നവൻ, ഏറ്റവും ചെറിയ കാര്യത്തിൽപ്പോലും വളരെ നല്ല നിലയിൽ സംസാരിക്കുന്നവൻ, ചെറിയവരോടും വലിയവരോടും സന്തോഷത്തോടെ പെരുമാറുന്നവൻ, വീട്ടുകാര്യങ്ങളിൽ എന്നെ സഹായിക്കുന്നവൻ. വീട്ടിലുള്ളപ്പോൾ ഇടയ്ക്കിടെ ഉമ്മ! ക്ഷീണിച്ചോ സഹായിക്കണോ എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കും. ഞാൻ പ്രയാസപ്പെടുന്നത് ഒരിക്കലും അവന് സഹിക്കുമായിരുന്നില്ല. ഉമ്മയുടെ കണ്ണുകളിൽ ഒരിക്കലും കണ്ണീർ കാണരുതെന്ന് എപ്പോഴും പറയുമായിരുന്നു. ജാമിഅയിൽനിന്ന് വന്നാലുടൻ ഈ ആഴ്ച എങ്ങനെയുണ്ടായിരുന്നുവെന്ന് എല്ലാവരോടും ചോദിക്കും. എല്ലാവരോടും വളരെ ചിന്തയോടെയാണ് ചോദിച്ചിരുന്നത്. അവൻ കുട്ടിയായിരുന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഇസ്ലാമാബാദിൽ വരാറുണ്ടായിരുന്നു. സ്കൂളിൽനിന്നു വന്നുടനെ ഞാൻ ഹുദൂറിനെ കാണാൻ പോകുന്നുവെന്ന് പറഞ്ഞ് ഓടുമായിരുന്നു. ഹദൂറിനോടൊപ്പം നടക്കാൻ പോകണമെന്നും പറയുമായിരുന്നു. റബ്വയിലെ ഡോക്ടർ നുസ്റത്ത് ജഹാൻ സാഹിബ– ഇപ്പോൾ അവർതീരെ സുഖമില്ലാതെ ഇവിടെയുണ്ട്– അവർക്കും ആരോഗ്യം നല്കുമാറാകട്ടെ. അവർക്ക് ഇവരുടെ വീടുമായി നല്ല ബന്ധമായിരുന്നു. താൻ അവർക്കുവേണ്ടി ഒരുപാട് ദുആ ചെയ്യുന്നുണ്ടെന്ന് പറയാറുണ്ടായിരുന്നു. അല്ലാഹു അവർക്ക് ആരോഗ്യം നല്കുമാറാകട്ടെ. അല്ലാഹു അവർക്കുവേണ്ടി അവൻ ചെയ്ത ദുആകളും സ്വീകരിക്കുമാറാകട്ടെ. അവരെഴുതുന്നു:'ഞാൻ ജുമുഅയുടെ രാത്രി സ്വപ്നത്തിൽ കണ്ടു. എന്റെ വീട്ടിൽ ധാരാള മാളുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഒരുപാട് ഫോട്ടോകൾ എടുത്തുകൊണ്ടിരിക്കുന്നു. ഞാൻ ഭയന്ന് എഴുന്നേറ്റു. ഞാൻ സ്വപ്നം കണ്ട് ഭയപ്പെട്ടുവെന്ന് എന്റെ ഭർത്താവിനോടു പറഞ്ഞു. അതൊരു നല്ലതായി തോന്നുന്നില്ല. അതുകൊണ്ട് നേരം വെളുത്തുടനെ സ്വദഖ കൊടുക്കുക. അദ്ദേഹം പറഞ്ഞു, ഞാൻ ഓഫീസിൽ ചെന്നുടനെ സ്വദഖ കൊടുക്കുന്നതാണ്. പക്ഷേ, അതിനുമുമ്പേതന്നെ ദുഃഖകരമായ ആ വാർത്ത വന്നു.' രിദായുടെ ഉമ്മ പറയുന്നു: 'ഞാൻ ഏതെങ്കിലും വസ്ത്രം കൊണ്ടുക്കൊടുത്താൽ സുഖമായി ധരിക്കുകയും പ്രശംസിക്കുകയും ചെയ്യും. അതിഥിസൽക്കാരത്തിൽ വളരെ ഉയർന്നിരുന്നു. ആരെങ്കിലും ഒരു പ്രാവശ്യം അവനെ ക്ഷണിച്ചാൽ അതു മറക്കുമായിരുന്നില്ല. എവിടെയെങ്കിലും അവരെ കണ്ടാൽ അല്ലെങ്കിൽ ഇസ്ലാമാബാദിൽ വന്നാൽ ഉടനെ വീട്ടിൽവന്ന് ഇന്ന ഇന്ന ആളുകൾ വന്നിട്ടുണ്ട്, ഭക്ഷണം തയ്യാറാക്കുക, അവരെ ഭക്ഷണത്തിന് ക്ഷണിക്കണം എന്നു പറയുമായിരുന്നു.

വീണ്ടും ഇവർ പറയുന്നു:'തന്റെ ട്രിപ്പിന് പോകുന്നതിനുമുമ്പേ ഫോണിലൂടെ എന്നെ ഉർദു എഴുതാൻ പഠിപ്പിച്ചുകൊണ്ടിരുന്നു. നിങ്ങൾക്ക് മറ്റു സഹോദരിസഹോദരന്മാരോടു ചോദിക്കേണ്ടിവരുന്നു, വിശേഷങ്ങൾ സ്വയം എനിക്ക് ഉർദുവിൽ എഴുതുക. ഞാൻതന്നെ നിങ്ങൾക്ക് മറുപടി തരുന്നതാണ്.' പറയുന്നു: 'എന്തുതന്നെ ഞാൻ ഉപദേശിച്ചാലും അതനുസരിച്ച് പ്രവർത്തിക്കാൻ പൂർണമായും ശ്രമിക്കുമായിരുന്നു. ഇതു അവൻ സുഹൃത്തുക്കളോടും പറയാറുണ്ടായിരുന്നു. ഖിലാഫത്തുമായുള്ള ബന്ധം നിലനിറുത്തി. ജമാഅത്ത് വ്യവസ്ഥിതിയുടെ ചെറുതിൽ ചെറുതായ കല്പനകളനുസരിച്ചുപോലും പ്രവർത്തിക്കാൻ ശ്രമിച്ചു.' രിദായുടെ ഉമ്മ പറയുന്നു: 'ഒരിക്കൽ എന്നോടു പറഞ്ഞു: 'അമ്മി! ജമാഅത്തിന് വിശാലമായ നിലയിൽ തബ്ലീഗു ചെയ്യുന്ന മുറബ്ബിയാകാനാണ് എന്റെ മനസാഗ്രഹിക്കുന്നത്. അമ്മിയ്ക്ക് എന്നിൽ അഭിമാനം ഉണ്ടാകുന്നത്ര അഹ്മദികളുണ്ടാക്കണം.'

രിദായുടെ സഹോദരി റഫിയ സാഹിബ പറയുന്നു: 'വളരെ പ്രിയപ്പെട്ട സഹോദരനായിരുന്നു. എന്നെക്കാൾ ചെറുതായിരുന്നു. എന്നാൽ, അവന്റെ ചിന്ത വളരെ അഗാധമായിരുന്നു. ഇളയതായിക്കൊണ്ട് എല്ലാവരേയും ശ്രദ്ധിക്കുന്നവൻ. ഏതു പ്രായക്കാരുമായും അവരുടെ പ്രായത്തിനനുസരിച്ച് സംസാരിക്കുമായിരുന്നു. ഇന്നുവരെ അവൻ ആരുടെ മനസ്സും വേദനിപ്പിച്ചിട്ടില്ല. എല്ലാ കാര്യവും സ്വസ്ഥമായി കേൾക്കുമായിരുന്നു. വളരെ മാന്യതയോടുകൂടി മറുപടി നല്കുമായിരുന്നു.

## ഇർശാദുന്നബ്‌വി(സ)

'അല്ലാഹുവിനോടു പങ്കു ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലും കളവുപറയലും കളളസാക്ഷ്യം വഹിക്കലുമാണ് വൻപാപങ്ങൾ."

(ബുഖാരി, മുസ്‌ലിം)

ത്വാലിബെ ദുആ:
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"രക്തബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നോടു ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ."

(ബുഖാരി, മുസ്‌ലിം)

ത്വാലിബെ ദുആ:
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരോടു നല്ല നിലയിൽ വർത്തിക്കലാണ് നന്മയിൽ വെച്ചേറ്റവും വലുത്."

(മുസ്‌ലിം)

ത്വാലിബെ ദുആ:
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ഇസ്‌ലാമാബാദിൽ വർക്കർ ജോലി ചെയ്യുന്നതിനു ആളുകൾ പോകാറുണ്ടായിരുന്നു. ആദ്യം റിപ്പയർ തുടങ്ങിയവയായിരുന്നു നടന്നിരുന്നത്. അല്ലെങ്കിൽ ലജ്‌ന ഹാളിന്റെ നിർമാണം നടക്കുകയായിരുന്നു. അവിടേയും അവരെ ശ്രദ്ധിക്കുകയും ചായകൊണ്ടു കൊടുക്കുകയും അല്ലെങ്കിൽ മറ്റെന്തെങ്കിലും ഭക്ഷണവസ്തുക്കൾ കൊടുക്കുകയും തുടങ്ങി എപ്പോഴും സേവനത്തിലായിരുന്നു. ഈയൊരു കുട്ടി മാത്രമേ ഇവിടെയുള്ളോ തങ്ങളുടെ കാര്യങ്ങൾ നോക്കാനെന്ന് ആളുകൾ ചോദിക്കുമായിരുന്നു.

രിദായുടെ സഹോദരൻ അസദ് സലീം പറയുന്നു:'വളരെ ലളിത പ്രകൃതമായിരുന്നു. വ്യക്തവും ചൊവ്വായതുമായ കാര്യങ്ങളെ പറയുകയുള്ളു. ഞങ്ങൾ ഇപ്പോൾ സഹോദരന് പുതിയൊരു കാർ വാങ്ങിക്കൊടുക്കുകയും അവനെ സർപ്രൈസാക്കുകയും ചെയ്തു.' രണ്ടു സഹോദരങ്ങളും നല്ല ജോലിയാണ് ചെയ്യുന്നത്. അവർ തങ്ങളുടെ ഇളയ സഹോദരന് കാർ വാങ്ങി നല്കി. പറയുന്നു, 'ഏറ്റവുമാദ്യം ആ കാറിനെ സംബന്ധിച്ച് അവൻ ചോദിച്ചത് അതിന്റെ വിലയായിരുന്നു. എന്നിട്ടു പറഞ്ഞു: 'മുറബ്ബി എന്ന നിലയിൽ ലളിതമായിട്ടാണ് ഞാൻ ജീവിക്കേണ്ടത്. വിലപിടിപ്പുള്ള വസ്തുക്കൾ വാങ്ങാതിരിക്കേണ്ടതാണ്.'

രിദായുടെ സഹോദരി അമത്തുൽ ഹഫീള് സാഹിബ എഴുതുന്നു: 'ആരുടേയും ദോഷം കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതായിരുന്നു അവന്റെ ഒരു സവിശേഷ ഗുണം. ആളുകളുടെ നെഗറ്റീവായിട്ടുള്ള ചിന്താഗതികളെ നല്ല നിലയിൽ മാറ്റാനുള്ള കഴിവ് അവനിൽ ഉണ്ടായിരുന്നു. നമുക്ക് ജനങ്ങളുടെ നന്മകളിൽ ദൃഷ്ടിപതിപ്പിക്കണമെന്ന് പറയുമായിരുന്നു. അവരുടെ ദോഷങ്ങൾ പറയുന്നതിനു പകരം അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. സ്വഭാവത്തിലെ ലാളിത്യത്തിനുള്ള ഒരു ഉദാഹരണം ഇതാണ്: അമ്മി, പെരുന്നാളിന് പുതിയ വസ്ത്രം വാങ്ങിക്കൊടുക്കും. അപ്പോൾ ആ വസ്ത്രം ധരിച്ച് വളരെ ചിന്താകുലനായി ഇരിക്കുമായിരുന്നു. ആ വസ്ത്രങ്ങളിൽ ആവശ്യത്തേക്കാളേറെ ജാഡയും പ്രദർശനപരതയും ഉണ്ടാകുമോ എന്ന ചിന്തയായിരുന്നു. അതുകൊണ്ട് തന്റെ ഏതെങ്കിലും പഴയ വസ്ത്രം ജാക്കറ്റ് തുടങ്ങിയവ മീതെ ഇടുമായിരുന്നു.

ജാമിഅ അഹ്മദിയായിലെ ഉസ്താദാണ് ഖുദ്ദൂസ് സാഹിബ്. അദ്ദേഹവും ഒപ്പം ഉണ്ടായിരുന്നു. പറയുന്നു:'കുട്ടിക്കാലം മുതൽ രിദാ സലീമിനെ അറിയാം. ജാമിആയിൽ പ്രവേശനം വാങ്ങിയപ്പോൾ ഞാൻ ശാഹിദ് ക്ലാസ്സിലായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജാമിആയിൽ ഒരു വർഷം മാത്രമേ ഞാൻ കഴിഞ്ഞിട്ടുള്ളു. പക്ഷേ, ഖുദ്ദാമുൽ അഹ്മദിയ്യായുടെ തർബിയ്യത്തി ക്ലാസുകളിലും ഇജ്തിമാകളിലും ജൽസസാലാനയുടെ ഡ്യൂട്ടികളും ഒന്നിച്ച് നല്കാൻ അവസരം കിട്ടിക്കൊണ്ടിരുന്നു.' സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായും എന്നോടു പറഞ്ഞു:'ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാകളിൽ കുട്ടികളെ നിയന്ത്രിക്കുകയും പ്രശ്നോത്തരി മത്സരത്തിൽ വളരെ നല്ല ജോലി ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. ഖുദ്ദൂസ് സാഹിബ് എഴുതുന്നു: അസീസം രിദാ സലീമിന്റെ ഡ്യൂട്ടി ഹൈജീൻ(hygiene) വകുപ്പിലായിരുന്നു. ഇവിടെ ഹൈജീനെന്നാണ് പറയുന്നത്. ഈ വാക്ക് വളരെ സൂക്ഷ്മമായി തിരഞ്ഞെടുത്തതാണ്. പക്ഷേ, യാഥാർഥ്യമെന്താണെന്നു വച്ചാൽ ശുചിത്വം, വൃത്തി തുടങ്ങിയവ ശ്രദ്ധിക്കുക എന്നതാണ്. എന്നാൽ, എന്തിനാണ് തന്നെ ഈ ഡ്യൂട്ടയിലിട്ടതെന്ന് ഒരിക്കലും രിദാ ചോദിച്ചിട്ടില്ല. മറിച്ച് ഈ ഡ്യൂട്ടി കഠിനാധ്വാനത്തോടും വളരെ ഉത്സാഹത്തോടും സ്ഥിരചിത്തതയോടുംകൂടി നല്കിയിരുന്നു. ഇദ്ദേഹം പറയുന്നു: എനിക്ക് ജാമിആയിൽ പഠിപ്പിക്കാനും അവസരം കിട്ടിയിട്ടുണ്ട്. വലിയ യോഗ്യനായ വിദ്യാർഥിയായിരുന്നു. ക്ലാസിൽ ഏറ്റവും മുന്നിൽ (attentively) ഇരിക്കുകയും എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കുകയും ചെയ്യുമായിരുന്നു. അവനെപ്പോഴെങ്കിലും ദ്വേഷം പ്രകടിപ്പിച്ചതായി എനിക്കോർമയില്ല. പ്രത്യുത മറ്റുള്ളവരെ സഹായിക്കാൻ എപ്പോഴും ശ്രമിച്ചിരുന്നു. കിർക്കറ്റ് കളിയോടും താൽപര്യമുണ്ടായിരുന്നു. സ്കോർ തുടങ്ങിയവ നോക്കണമെങ്കിൽ എപ്പോഴും ടീച്ചറോടു ചോദിച്ചിട്ടെ പോകൂ. പറയുന്നു: 'ഹൈക്കിംഗിന്നിടയിൽ ഞങ്ങൾ ഒരു രാത്രി കുടിലിൽ കഴിഞ്ഞു. അതിന്റെ കുളിമുറിക്ക് ലോക്കുണ്ടായിരുന്നില്ല. വാതിൽക്കൽ കാവൽ നില്ക്കാൻ എല്ലാവരും അവനോടു പറഞ്ഞു. വളരെ സന്തോഷത്തോടെ ആ ജോലി ചെയ്തു. രാത്രിയിൽ ആർക്കെങ്കിലും പോകേണ്ടിവന്നാൽ എന്നെ ഉണർത്തണമെന്നും പറഞ്ഞു. തന്റെ ഹൈക്കിങ്ങിനുശേഷം ക്ലാസ് മേറ്റായ അസീസം സാഫിറിനോടൊപ്പം ക്രോഷ്യായിൽ പോകണമായിരുന്നു. അവിടെ വച്ച് സാഫിറിന് കണ്ണിന് പരിക്കേറ്റു. ആവർത്തിച്ചാവർത്തിച്ച് അസ്വസ്ഥത പ്രകടിപ്പിച്ചു. ഹൈക്ക് കഴിഞ്ഞ് താഴെപ്പോയി ഇൻശാഅല്ലാഹ് നിന്നെ ആശുപത്രിയിൽകൊണ്ടുപോയി ചെക്കപ്പ് നടത്താമെന്ന് പറഞ്ഞുകൊണ്ടിരുന്നു.' ഇദ്ദേഹം പറയുന്നു: 'രിദാ സലീം വളരെ ആത്മാർഥനായ വാഖ്ഫെ സിന്ദഗിയായിരുന്നു. കഠിനാധ്വാനിയായിരുന്നു. എല്ലാവരോടും നല്ല രീതിയിൽ പെരുമാറുക എന്നത് അവന്റെ വ്യക്തമായ സവിശേഷതയായിരുന്നു.'

ളഹീർ ഖാൻ സാഹിബ് ഒരു ടീച്ചറാണ്. ജാമി അ അഹ്മദിയ്യായിലെ ഉസ്താദാണ്. അദ്ദേഹവും എഴുതുന്നു: 'കഴിഞ്ഞ രണ്ടു വർഷമായി അസീസം രിദായുടെ ക്ലാസ്സിൽ പഠിപ്പിക്കാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഈ സാധു ആ കുട്ടിയിൽ സമാനതയില്ലാത്ത ഒരു സവിശേഷത കണ്ടത് ഏതുജോലി അവനെ ഏല്പിച്ചാലും അങ്ങേയറ്റം അധ്വാനത്തോടും ഉത്സാഹത്തോടും ഉത്തരവാദിത്വബോധത്തോടുംകൂടി ചെയ്യുമെന്നതായിരുന്നു. ചില സമയത്ത് ഞാൻ കണ്ടിട്ടുണ്ട്, ആ ജോലി ഏല്പിച്ചിട്ടുള്ള മറ്റു കുട്ടികൾ അവിടേയും ഇവിടേയും പോകുമ്പോൾ ഇവൻ ഒറ്റയ്ക്കിരുന്ന് അതു ചെയ്തു തീർക്കുന്നുണ്ടാകും. ജോലി ചെയ്തു തീരുന്നതുവരെ തന്റെ കഴിവസരിച്ച് അതിൽ മുഴുകിയിരിക്കും. രിദാ സലീമിന്റെ വളരെ പ്രിയങ്കരമായ മറ്റൊരു ശീലം അനാവശ്യ ചോദ്യങ്ങൾ ചോദിക്കുകയില്ല എന്നതായിരുന്നു. എപ്പോൾ ചോദിക്കുകയാണെങ്കിലും പൊതുവെ പാശ്ചാത്യ ലോകത്ത് ഇസ്‌ലാം അഹ്മദിയ്യത്തിനെ കുറിച്ചുള്ള ആക്ഷേപങ്ങൾ ഉൾക്കൊള്ളുന്ന ചോദ്യങ്ങളായിരിക്കും. ചിലപ്പോൾ തന്റെ അമുസ്‌ലിമോ അനഹ്മദിയോ ആയ സുഹൃത്തുക്കളുമായി സംസാരിച്ചപ്പോൾ അവർ ചോദിച്ച ചോദ്യമാണെന്ന് പറയുമായിരുന്നു. അല്ലാഹു അവന്റെ മനസ്സിൽ ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും എതിരാളികളെ പ്രതിരോധിക്കാനും അവയ്ക്കുമേലുണ്ടാകുന്ന ആക്ഷേപങ്ങൾക്ക് മറുപടി പറയാനുമുള്ള ഒരു ജ്യോതിസ്സ് തെളിച്ചു വച്ചിരുന്നതുപോലെ! അസീസം രിദാ ഒന്നുരണ്ടു തവണ എന്റെ വണ്ടിയിൽ ലിഫ്റ്റു വാങ്ങി യാത്ര ചെയ്തിട്ടുണ്ട്. രണ്ടു പ്രാവശ്യം അവന്റെ യു.എസ്.ബി സ്റ്റിക് (USB Stick)പോക്കറ്റിൽനിന്ന് വണ്ടിയിൽ വീണിരുന്നു. സ്റ്റിക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ ഓഡിയോ റെക്കോർഡിംഗ് അടങ്ങിയതായിരുന്നു. അസംബന്ധമായ കാര്യമൊന്നുമുണ്ടായിരുന്നില്ല.'

ഇപ്രകാരം തന്നെ അവിടെത്തെ ഉസ്താദ് സയ്യിദ് മശ്ഹൂദ് അഹ്മദ് എഴുതുന്നു: 'ട്യൂട്ടോറിയൽ ഗ്രൂപ്പിൽ ചേർന്നിരുന്നു. പഠനകോഴ്സ് സംബന്ധമായ സന്നദ്ധതയോടൊപ്പം വൈജ്ഞാനികവും കായികവുമായ മത്സരങ്ങളിലും അസാധാരണമായ നിലയിൽ താൽപര്യം എടുത്തിരുന്നു. രിദായുടെ ജനറൽ നോലഡ്ജ് മറ്റു വിദ്യാർഥികളെ അപേക്ഷിച്ച് വളരെ മികച്ചതായിരുന്നു. പറയുന്നു: കഴിഞ്ഞ വർഷം അക്ഷരശ്ലോക മത്സരത്തിൽ പങ്കെടുക്കാൻ രിദാ ഏകദേശം 500 ലധികം പദ്യങ്ങൾ ഹൃദിസ്തമാക്കിയിരുന്നു. പദ്യങ്ങൾ വെറുതെ കാണാതെ പഠിക്കുകയായിരുന്നില്ല. പ്രത്യുത ഹൃദിസ്തമാക്കുന്നതിനുമുമ്പേ അതിലെ വിഷയം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. ഇത് സവിശേഷമായൊരു വലിയ ഗുണമായിരുന്നു. ഇതിനുവേണ്ടി സീനിയർ വിദ്യാർഥികളിൽനിന്നും ഉസ്താദുമാരിൽനിന്നും മാർഗനി ർദേശം തേടിയിരുന്നു. പറയുന്നു: 'രിദാ സലീംമിന് തബ്‌ലീഗ് ചെയ്യാൻ വളരെ താൽപര്യമായിരുന്നു. കഴിഞ്ഞ വർഷം വഖ്ഫെ ആർസി ചെയ്യുന്നതിനുവേണ്ടി വെൽവർഹേംപട്ടൺ ജമാഅത്തിൽ അയച്ചിരുന്നു. അവിടെ രിദാ സലീം ലീഫ്‌ലെറ്റ് വിതരണം ചെയ്തതിനു പുറമെ തദ്ദേശ ജമാഅത്തംഗങ്ങളോടൊപ്പം ചേർന്ന് ധാരാളം തബ്‌ലീഗ് സ്റ്റാളുകളുമിട്ടു. ആയിടയ്ക്ക് ഒരു ഇംഗ്ലീഷുകാരനുമായി കൂടിക്കാഴ്ച നടന്നു. അയാൾ പ്രവർത്തനനിരതനായ ഒരു ക്രിസ്ത്യാനിയായിരുന്നു. രിദാ അദ്ദേഹത്തോടു ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ള ഗവേഷണത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് ഈസാ (അ) കുരിശിൽനിന്ന് രക്ഷപ്പെട്ടതും കശ്മീരിലേക്ക് പലായനം ചെയ്തതും പറഞ്ഞു. അത് അയാളെ അത്ഭുതപ്പെടുത്തി. അതിനുശേഷം മസ്ജിദിന്റെ വിസിറ്റും നടത്തി. അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. അതുകഴിഞ്ഞും അദ്ദേഹവുമായി സ്ഥിരമായ തബ്‌ലീഗ് ബന്ധം വെച്ചു. ഇപ്രകാരംതന്നെ ഇസ്‌ലാമാബാദ് ജമാഅത്തുമായും ജാമിഅ അഹ്മദിയ്യായുമായും ചേർന്നും ലീഫ്‌ലെറ്റ് വിതരണം ചെയ്തു. തബ്‌ലീഗ് സ്റ്റാളിനുവേണ്ടി എപ്പോഴും തയ്യാറായിരുന്നു. കഴിഞ്ഞ വർഷം രിദായുടെ ക്ലാസിലെ കുറച്ചു വിദ്യാർഥികൾ അല്ലെങ്കിൽ ജാമിഅയിലെ വിദ്യാർഥികൾ സ്പെയിനിൽ പോയിരുന്നു; ഉഷ്ണകാലത്ത്. കുറഞ്ഞത് 50000 ലീഫ് ലെറ്റ് വിതരണം ചെയ്തു വരണമെന്ന് ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ കൃപയാൽ ഈ സംഘം അവിടെ 50500 ലീഫ്‌ലെറ്റ് വിതരണം ചെയ്തു വന്നു.'

ജാമിഅയിലെ ഉസ്താദ് മൻസ്വൂർ ളിയാ സാഹിബ് എഴുതുന്നു:'വളരെ പതുങ്ങിയ സ്വഭാവമുള്ള വിദ്യാർഥിയായിരുന്നു. ഒരിക്കലും ഞാൻ അവന്റെ മുഖത്ത് ദ്വേഷത്തിന്റേയോ കോപം കൊണ്ട് നെറ്റി ചുളിയുന്നതിന്റേയോ ലക്ഷണം കണ്ടിട്ടില്ല. ഖിലാഫത്തിനും ജമാഅത്തുപരമായ വിശ്വാസാദർശങ്ങൾക്കുമെതിരെ ആരെങ്കിലും അന്യായമായി ആക്ഷേപം ഉന്നയിച്ചാൽ പറയുന്നു: 'അപ്പോൾ മുഖത്ത് കഠിനമായ കോപം കണ്ടിട്ടുണ്ട്. പറയുന്നു: 'ഇക്കാര്യങ്ങൾ രിദായുടെ നാഡിഞരമ്പുകളിൽ ഖിലാഫത്തിനോടുള്ള സ്നേഹവും അതിനുവേണ്ടിയുള്ള ആത്മീയരോഷവും കുത്തിത്തിരുകി നിറച്ചിരുന്നുവെന്നതിന് വ്യക്തമായ തെളിവാണ്.'

പറയുന്നു: 'ഖിലാഫത്തുമായിട്ടുള്ള ബന്ധത്തി നും അതുപോലെതന്നെ മതപരമായ അറിവ് കരസ്ഥമാക്കുന്നതിനുമുള്ള ഒരു ഉദാഹരണം ഇങ്ങനേയുമുണ്ട്. എന്റെ ക്ലാസ്സിൽ എന്റെ പ്രസംഗങ്ങളെ കുറിച്ച് പറയുമ്പോഴെല്ലാം, ഖുത്ബ ഉദ്ധരിച്ച് പരിശോധിക്കുമ്പോഴെല്ലാം അവന് ഒരുപാട് കാര്യങ്ങൾ ഓർമ ഉണ്ടാകുമായിരുന്നു. വളരെ ശ്രദ്ധയോടെ കേൾക്കുന്ന ആളായിരുന്നു.' ഇദ്ദേഹം പറയുന്നു:'എല്ലാവരും എഴുതുന്നതുപോലെ അവന് തബ്‌ലീഗിനോടു വളരെ താൽപര്യമായിരുന്നു. സോഷ്യൽ മാധ്യമങ്ങളിൽ അനഹ്മദികളെ തബ്‌ലീഗ് ചെയ്യുക അവന്റെ പതിവായിരുന്നു. ഉസ്താദുമാരുടെ മാർഗനിർദേശത്തിൽ വളരെ കഠിനാധ്വാനത്തോടെ അനഹ്മദികളുടെ ആക്ഷേപത്തിനുള്ള പ്രമാണബദ്ധ മറുപടി തയ്യാറാക്കാറുണ്ടായിരുന്നു.'

രിദായുടെ സഹപാഠി അസീസം സഫീർ അഹ്മദ് എഴുതുന്നു: 'ബൽജിയവുമായിട്ടാണ് എന്റെ ബന്ധം. ഞാൻ അവിടെ നിന്ന് വന്നതാണെന്നും ആഴ്ചയവസാനം വീട്ടിൽ പോകുകയില്ലെന്നും അവനറിയാമായിരുന്നു. അങ്ങനെ ആഴ്ച അവസാനത്തിൽ എപ്പോഴും എന്നെ തന്റെ വീട്ടിലെ ഭക്ഷണം കഴിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുപോകുമായി

രുന്നു. ഇപ്രകാരംതന്നെ ഇംഗ്ലീഷു വിഷയം പ്രയാസകരമായതുകൊണ്ട് അതു നല്ലവണ്ണം മനസ്സിലാക്കിത്തന്ന് പരീക്ഷയ്ക്ക് തയ്യാറാക്കുമായിരുന്നു.

ശാഹ് സേബ് അത്ഹർ പറയുന്നു: 'വലിയ മൃദു സ്വഭാവമായിരുന്നു. സന്തോഷത്തോടെ മറ്റുള്ളവരെ കാണുന്ന വ്യക്തിയായിരുന്നു. എപ്പോഴും മറ്റുള്ളവരെ സഹായിക്കാൻ സന്നദ്ധനായിരുന്നു.' പറയുന്നു: 'ഞങ്ങൾ വഖ്ഫെ ആർസി ചെയ്യുന്നതിനുവേണ്ടി അയച്ചപ്പോൾ ബാസാറിൽ ഞങ്ങൾ തബ്ലീഗ് സ്റ്റാളിട്ടു. രണ്ടു ക്രിസ്ത്യാനികൾ അവിടെ വന്നു. രിദാ വളരെ നല്ല രീതിയിൽ ജമാഅത്തിന്റെ സന്ദേശമെത്തിച്ചു. പരേതന്റെ അറിവ് വളരെ വിശാലമായിരുന്നു. തബ്ലീഗ് ചെയ്യാൻ വളരെ ആവേശമായിരുന്നു. ദ്വേഷത്തോടെ ഒരിക്കലും സംസാരിച്ചിരുന്നില്ല. കുട്ടികളെ ഒരുമിച്ചു കൂട്ടുകയും മറ്റു വിനോദപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുമായിരുന്നു. പറയുന്നു: 'ഒരു സംഭവം എനിക്കോർമയുണ്ട്. 2014 ആഗസ്റ്റിലെ വഖ്ഫെ ആർസിക്കിടയിൽ ഞാനും രിദാ സലീമും തബ്ലീഗ് സ്റ്റാളിട്ടിരുന്നു. പോകുന്നതിന് കുറച്ചുനേരം മുമ്പേ ബ്രിട്ടൺഫസ്റ്റിന്റെ (Britain First)ആൾക്കാർ വന്നു. അവർ ഇസ്ലാമിന്റെ വിരോധികളാണ്. അവർ രിദാ സലീമിനോടു ദ്വേഷഭാവത്തോടെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. പക്ഷേ, രിദാ സലീം വിനയത്തോടും മൃദുഭാവത്തോടുംകൂടി എല്ലാ ചോദ്യങ്ങൾക്കും മറുപടി നല്കി. അവസാനം അവർക്ക് ഇവർ ഭീകരവാദ മുസ്ലീംകളല്ലെന്ന് മനസ്സിലായി.

ജാമിആയിലെ വിദ്യാർഥി സാഫിർ പറയുന്നു: 'ക്ലാസ് റൂമിൽ രിദായോടൊപ്പം ഇരിക്കുകയായിരുന്നു. പെട്ടെന്ന് ബോർഡിൽ എഴുതുന്ന മാർക്കർ കൈയിലെടുത്തു. പറഞ്ഞു: സാഫിറേ! നമ്മൾ ജാമിആയിൽ ഒരുപാടു സമയം നഷ്ടപ്പെടുത്തിക്കളയുന്നു. എന്നിട്ട് ടൈംടേബിൾ എഴുതാൻ തുടങ്ങി. ഒഴിവ് സമയം ഹൈലൈറ്റു ചെയ്തുകൊണ്ട് പറഞ്ഞു, നമുക്ക് ഈ സമയവും എന്തെങ്കിലും ചെയ്യേണ്ടതാണ്. സമയം നഷ്ടപ്പെടുത്തുന്നതിനുപകരം ഈ സമയവും ഗുണപ്രദ(Productive) മാക്കേണ്ടതാണ്.'

ഒഴിവുള്ള സമയത്ത് ഉസ്താദന്മാരുമായി ഇരുന്ന് വിവിധ subjects പഠിക്കാൻ പരിപാടി ഉണ്ടായിരുന്നു. കണ്ണിന് അല്പം പരിക്കേറ്റ ഒരു കുട്ടിയെ കുറിച്ച് മുമ്പേ ഞാൻ പറഞ്ഞിരുന്നു. പറയുന്നു:'എനിക്ക് പരിക്കേറ്റു. സാഫിറേ! താഴെ എത്തിയുടനെ നമുക്ക് ആശുപത്രിയിൽ പോകാമെന്ന് അവസാന സമയംവരെ ആവർത്തിച്ചാവർത്തിച്ച് എന്നോടു പറഞ്ഞുകൊണ്ടിരുന്നു.' പറയുന്നു: 'അപകടത്തിനുമുമ്പേ മലമുകളിൽനിന്ന് താഴേക്കു വന്നുകൊണ്ടിരിക്കുമ്പോൾ എന്റെ കാല് തെന്നുമോ എന്ന് പരേതന് വലിയ ചിന്തയായിരുന്നു. കാരണം എന്റെ കാല് സാധാരണ തെന്നാറുണ്ടായിരുന്നു. ശ്രദ്ധിച്ച് നടക്കണെ എന്നു പറയുമായിരുന്നു.' പറയുന്നു: 'കഴിഞ്ഞവർഷം ഹൈക്കിംഗിന്നിടയിൽ പൊക്കം കാരണത്താൽ എനിക്ക് ബുദ്ധിമുട്ടുണ്ടായി. അതിന് altitude sickness എന്നാണ് പറയുന്നത്. അപ്പോൾ എപ്പോഴും എന്റെ ബുദ്ധുമുട്ട് ചോദിച്ചുകൊണ്ടിരുന്നു. സമാധാനപ്പെടുത്തിക്കൊണ്ടിരുന്നു. പക്ഷേ, തഖ്ദീറിന്റെ ഉദ്ദേശ്യം മറ്റൊന്നായിരുന്നുവെന്ന് അറിയില്ലായിരുന്നു. weekendൽ നിന്ന് മടങ്ങിയെത്തിയാൽ എപ്പോഴും ജമാഅത്തിന്നെതിരിലുള്ള ആക്ഷേപങ്ങൾ ഓർമിച്ച് തന്റെ ഉസ്താദുമാരോട് അതിന് മറുപടി ചോദിക്കുമായിരുന്നു.

ജാമിആയിലെ മറ്റൊരു വിദ്യാർഥി ഹാഫിള് ത്വാഹാ പറയുന്നു: 'ഖിലാഫത്തിൽ അനുരക്തനായിരുന്നു. കാലത്തിന്റെ ഖലീഫയോടു അങ്ങേയറ്റം സ്നേഹം പുലർത്തുന്നയാളായിരുന്നു. കാലത്തിന്റെ ഖലീഫയ്ക്കെതിരിലോ നിളാമിനെതിരിലോ ആരിൽനിന്നും ഒന്നു കേൾക്കാനിഷ്ടപ്പെട്ടിരുന്നില്ല. ജമാഅത്തിൽനിന്ന് ദൂരപ്പെട്ടുപോയ അത്തരം ഒരു വ്യക്തിയുടെ വായിൽനിന്ന് ഖിലാഫത്തിനെ സംബന്ധിച്ച് എന്തോ തെറ്റായ കാര്യം പുറത്തുവന്നു. രിദാ അയാളോടു പറഞ്ഞു: താങ്കൾ പറയുന്ന എല്ലാ കാര്യങ്ങളും കേൾക്കാൻ എനിക്കു കഴിയും. എന്നാൽ, ഖിലാഫത്തിനെ സംബന്ധിച്ച് അല്ലെങ്കിൽ ഖിലാഫത്തിന്നെതിരെ ഒരു കാര്യവും എനിക്കു സഹിക്കുകയില്ല.'

ഒരു വിദ്യാർഥി ദാനിയേൽ എഴുതുന്നു:'കഴിഞ്ഞ വർഷത്തെ ഹൈക്കിംഗിനുശേഷം ഞങ്ങളെല്ലാവരും ഹാഫിള് ഇഅ്ജാസിൽനിന്ന് അടുത്ത ഹൈക്കിംഗിന് പോകുന്നതിന് lesson പഠിക്കുകയായിരുന്നു. രിദാ വളരെ സന്തോഷത്തിലായിരുന്നു. ഞങ്ങളെല്ലാവരും ചേർന്ന് ഫോണിൽ വീഡിയോ ഉണ്ടാക്കി അയച്ചുകൊണ്ടിരുന്നു. രിദാ എപ്പോഴും ഞങ്ങളെ സന്തോഷിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. സമയം നഷ്ടപ്പെടാതിരിക്കാനുള്ള ശ്രമമാണ് എപ്പോഴും. ഓരോ ആഴ്ചയിലും ഏതെങ്കിലും പുതിയ പുസ്തകം വായിക്കുന്നുണ്ടാകും. തഹജ്ജുദ് കൃത്യമായി നമസ്കരിക്കാൻ മർഹൂം ശ്രമിച്ചിരുന്നു. തഹജ്ജുദിന്റെ നേരത്ത് ഉറങ്ങുകയാണെങ്കിൽ ഒരു ദയയും കാണിക്കാതെ നിർബന്ധമായും തന്നെ ഉണർത്തണമെന്ന് കൂട്ടുകാരോടു പറയുമായിരുന്നു. ജാമിആയിലെ പഠനത്തിനു പുറമെ ഭൗതികമായ അറിവ് കരസ്ഥമാക്കുന്നതിനും താൽപര്യമുണ്ടായിരുന്നു. ജനറൽ നോലഡ്ജിനോടും കാവ്യരചനയോടും താല്പര്യമുണ്ടായിരുന്നു. അതിൽ പങ്കെടുത്തിരുന്നു.'

നിരവധി സംഭവങ്ങൾ ആളുകൾ എനിക്കെഴുതിയിട്ടുണ്ട്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ പാദങ്ങളിൽ ഇടം നല്കുമാറാകട്ടെ. ആ കുട്ടി ഞാൻ മുമ്പേയും പറഞ്ഞതുപോലെ ജാമിഅ പാസാകുന്നതിനുമുമ്പേതന്നെ നല്ല മുറബ്ബിയും നല്ല മുബല്ലിഗുമായിരുന്നു. ഖിലാഫത്തിനോടു അങ്ങേയറ്റത്തെ ആഭിമുഖ്യമുള്ള ആളായിരുന്നു. ലോകത്തുള്ള ജാമിആയിലെ എല്ലാ വിദ്യാർഥികൾക്കും ആത്മാർഥതയിലും കൂറിലും ശക്തരാകാനും നിർബന്ധ കടമകൾ നിറവേറ്റുന്നവരാകാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. രിദായുടെ സുഹൃത്തുക്കൾ അവന്റെ സവിശേഷ ഗുണങ്ങൾ പറയുന്നവർ മാത്രം ആകാതിരിക്കട്ടെ. പ്രസ്തുത സുഹൃത്ത് ബന്ധത്തിന്റെ കടമ എന്നു പറയുന്നത് അവന്റെ സവിശേഷ ഗുണങ്ങൾ സ്വായത്തമാക്കി തങ്ങളുടെ എല്ലാ കഴിവുകളും ദീനിന്റെ സേവനത്തിനായി ഉപയോഗിക്കുക എന്നതാണ്. എനിക്കും ഭാവിയിൽ വരുന്ന ഖലീഫമാർക്കും ഉന്നതരായ സഹായികളും സുൽത്വാനെ നസ്വീർമാരും എപ്പോഴും കിട്ടിക്കൊണ്ടിരിക്കണം. അല്ലാഹു മാതാപിതാക്കൾക്കും സഹോദരിമാർക്കും സഹോദരന്മാർക്കും സമാധാനം പ്രദാനം ചെയ്യുമാറാകട്ടെ. ഏതൊരു ക്ഷമയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിയുമാണോ അവർ പ്രകടിപ്പിച്ചത് അതിൽ എപ്പോഴും നിലനില്ക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുന്നവരാകട്ടെ. ഭാവിയിലെ എല്ലാ പരീക്ഷണങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും അവരെല്ലാവരേയും അല്ലാഹു രക്ഷിക്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഇൻശാ അല്ലാഹ് ജനാസ നമസ്കാരമുണ്ടാകുന്നതാണ്. ഹാജരായ ജനാസയാണ്. ഞാൻ വെളിയിൽപോയി നമസ്കരിപ്പിക്കുന്നതാണ്. നിങ്ങൾ ഇവിടെ സ്വഫ്ഫ് ശരിയാക്കേണ്ടതാണ്.

## ഇർശാദുന്നബ്‌വി(സ)

"നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോടു മറ്റൊന്നിനേയും പങ്കുചേർക്കരുത്. നീ നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക.'
(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

(പേജ് 2ൽ നിന്ന്) എത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഭൗതിക നേട്ടമാണിത്. പക്ഷെ, പെൺകുട്ടി വിവാഹം കഴിച്ച് മറ്റു വീട്ടിലേക്ക് പോകുമ്പോൾ അവളുടെ നേട്ടം ആ മാതാവിന് ഉണ്ടാകുന്നില്ല. എന്നാൽ, മരിച്ചതിനുശേഷം ജീവിതമുണ്ടെങ്കിൽ ആ ലോകത്ത് ചെല്ലുമ്പോൾ തീർച്ചയായിട്ടും നേട്ടമുണ്ടാകുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുകയാണെന്ന് അല്ലാഹു പറയുന്നു.

പിന്നീട് ഒരു മാതാവെന്ന നിലയിൽ സ്ത്രീയുടെ കാൽക്കീഴിലാണ് സ്വർഗമെന്ന് ഇസ്ലാം പറയുന്നു. അതയാത് സ്ത്രീമുഖേന സ്വർഗത്തിന് ജാമ്യം നല്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കുട്ടികൾക്ക്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നല്ല തർബിയ്യത്ത് കൊടുത്ത് അവരെ സമൂഹത്തിന്റെ പ്രവർത്തനനിരതമായ ഭാഗമാക്കുന്നത് സ്ത്രീകളാണ്. കുഴപ്പമുണ്ടാക്കുന്നതിനും എല്ലാ തച്ചുടച്ച് നശിപ്പിക്കുന്നതിനും പകരം രാജ്യത്തിനും ജനതയ്ക്കും ഗുണകരമായിട്ടുള്ള പങ്കുവഹിക്കാൻ അവരെ പ്രാപ്തരാക്കുന്നു. അവർ സമൂഹത്തിന്റെ പ്രവർത്തനനിരതരായ ഭാഗമായിത്തീരണം. രാജ്യത്തിന്റെ പുരോഗതിയിൽ ഭാഗഭാക്കാകണം. ഇസ്ലാമിൽ പുരുഷന്മാർക്ക് നല്കപ്പെട്ടിട്ടില്ലാത്ത ഈ സ്ഥാനമാണ് സ്ത്രീകൾക്ക് നല്കപ്പെട്ടിരിക്കുന്നത്. സ്നേഹവും സന്തോഷവും സമാധാനവും വ്യാപിക്കുന്നതിന്, നിങ്ങളുടെ നഗരത്തിന്റേയും നിങ്ങളുടെ ഗ്രാമത്തിന്റേയും നിങ്ങളുടെ രാജ്യത്തിന്റേയും പുരോഗതി ഉണ്ടാകുന്നതിന്, പുരുഷനും സ്ത്രീയും നിങ്ങളുടെ സൊസൈറ്റിയുടെ ഒരു ഭാഗമാകുന്നതിന്, ലോകത്ത് സമാധാനം സ്ഥാപിക്കുന്നവരാകുന്നതിന് നിങ്ങൾ നിങ്ങളുടെ കുട്ടികൾക്ക് ശിക്ഷണം നല്കുക. ഇസ്ലാമികാധ്യാപനത്തിലുള്ള സ്ത്രീകളുടെ സ്ഥാനത്തിന്റെ മനോഹാരിതയാണിത്. അതിന്റെ ഒരു മിന്നിലാട്ടമാണ് ഞാൻ നിങ്ങൾക്ക് കാണിച്ചുതന്നത്.(തുടരും)

(പേജ് 1ൽ നിന്ന്) ഇസ്ലാമിനെ ഞാൻ സംശയിക്കുകയാണെങ്കിൽ അത് ഹറാമായിരിക്കും. കപടതയുടെ ഒരു സ്വഭാവവും അവരിൽ ഉണ്ടാകാൻ പാടില്ലെന്നതാണ് നിബന്ധന.

1. ഇവിടെ ള്വാലിം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കാഫിർ ആണ്. നുണകെട്ടിച്ചമയ്ക്കുന്നവനെതിരിൽ കളവാക്കുന്നവൻ എന്നതാണ് ഇതിന്മേലുള്ള ഖരീനത്ത്. ദൈവികഗ്രന്ഥത്തെ ള്വാലിമാക്കിയിരിക്കുന്നു. ദൈവികഗ്രന്ഥത്തെ കളവാക്കുന്നവൻ കാഫിർ ആണെന്നതിൽ സംശയമില്ല. അതുകൊണ്ട് ആരാണോ എന്നെ വിശ്വസിക്കാത്തത് അവൻ ഞാൻ നുണകെട്ടിച്ചമയ്ക്കുന്നവനാണെന്ന് പറഞ്ഞുകൊണ്ട് കാഫിർ എന്നു പറയുന്നു. അതിനാൽ എന്നെ നിഷേധിച്ച കാരണത്താൽ അവൻ സ്വയം കാഫിറാകുന്നു.

2. സഹീഹ് ബുഖാരിയിൽ ഇതേ അർത്ഥത്തിലുള്ള നിവേദനം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.
ലാ യസ്നിയുസ്സാനീ ഹീന യസ്നീ വഹുവ മുഅ്മിനുൻ വലാ യസ്രിഖു ഹീന യസ്രിഖു വഹുവ മുഅ്മിനുൻ.

3. ഞാൻ വിവരിച്ചതുപോലെ കാഫിറിനെ മുഅ്മിൻ എന്നു പറയുന്നതുകൊണ്ട് മനുഷ്യൻ കാഫിറായിത്തീരുന്നു. കാരണം യഥാർത്ഥ കാഫിറായിട്ടുള്ളവന്റെ കുഫ്റിനെ അത് നിഷേധിക്കുന്നു. എന്നിൽ വിശ്വസിക്കാത്ത എല്ലാവരേയും അവർ മുഅ്മിനെന്ന് മനസ്സിലാക്കുന്നതായി ഞാൻ കാണുന്നു. അതായത് എന്നെ കാഫിർ എന്നു പറയുന്നവരെ. എന്നാൽ, ഞാൻ ഇപ്പോഴും ഖിബ്ലയെ അഭിമുഖീകരിക്കുന്നവരെ കാഫിർ എന്നു പറയുന്നില്ല. പക്ഷേ, ആരുടെ കൈയാലാണോ കുഫ്ർ ഉണ്ടാക്കപെട്ടിട്ടുള്ളത് അവരെ എങ്ങനെയാണ് ഞാൻ മുഅ്മിൻ എന്നു പറയുക.(റൂഹാനീ ഖസായിൻ വാള്യം 22 ഹഖീഖത്തുൽ വഹ്‌യ് പേജ് 167 - 169)

## ഇർശാദുന്നബ്‌വി(സ)

"പ്രത്യുപകാരം ചെയ്യുന്നവൻ കുടുംബബന്ധം പുലർത്തുന്നവനല്ല. പക്ഷേ, കുടുംബബന്ധം മുറിക്കപ്പെടുമ്പോൾ അതിനെ നിലനിറുത്തുന്നവനാണ് കുടുംബബന്ധം ചേർക്കുന്നവൻ.'
(ബുഖാരി)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ | The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 20 October Issue-33

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ഹദ്റത്ത് മയ്മൂന(റ)

**(ലജ്‌ന ഇമായില്ലാഹ് പാക്കിസ്താൻ പ്രസിദ്ധീകരിച്ച അമത്തുർറശീദ് അർസലയുടെ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മയ്മൂന(റ) എന്ന ലഘുകൃതിയോടു കടപ്പാട്)**

പ്രവാചകത്വവാദത്തിനുശേഷം മക്കക്കാരിൽനിന്ന് നബി(സ)തിരുമേനിക്ക് അസഹ്യമായ എതിർപ്പുകളാണ് നേരിടേണ്ടിവന്നത്. എതിരാളികൾ നബി(സ)യേയും തിരുസ്വഹാബാക്കളേയും വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അതിൽ ഏറ്റവും വലിയ ബുദ്ധിമുട്ട്, അവർക്കു അല്ലാഹുവിന്റെ സന്ദേശം എത്തിക്കാൻ സാധിച്ചില്ല എന്നതാണ്. അതുകൊണ്ട് നബി(സ)തിരുമേനി മദീനയിലേക്ക് ഹിജറപോയി. ആ മഹാത്മാവിന് ഏറ്റവും പ്രിയങ്കരിയായിരുന്നു തന്റെ ജന്മനാടായ മക്ക. നബി(സ)യും സ്വഹാബാക്കളും തങ്ങളുടെ ജന്മനാടിന്റെ ഓർമകൾ അയവിറക്കിക്കൊണ്ട് ദിനങ്ങൾ തള്ളി നീക്കിക്കൊണ്ടിരുന്നു.

ഹിജറത്തിനു ആറു വർഷത്തിനുശേഷം താൻ സ്വഹാബാക്കളുമൊത്ത് കഅ്ബ ദേവാലയത്തിനു പ്രദക്ഷണം ചെയ്തുകൊണ്ടിരിക്കുന്നതായി നബി(സ) സ്വപ്നം കണ്ടു. അങ്ങനെയാണ് ആ വർഷം ഉമറ ചെയ്യുക എന്നുദ്ദേശ്യത്തോടുകൂടി നബി(സ) 1400 സ്വഹാബാക്കളോടൊപ്പം മദീനയിലേക്കുപുറപ്പെട്ടത്.

നബി(സ)തിരുമേനിയും സംഘവും മക്കയിൽനിന്ന് 9 മൈൽദൂരം ഇപ്പുറത്ത് ഹുദയ്ബിയ്യഃ എന്ന സ്ഥലത്തെത്തിയപ്പോൾ ഖുറയ്ശികൾ അവരെ തടഞ്ഞു. മക്കയിൽ കടക്കാൻ അനുവദിച്ചില്ല. അവിടെവെച്ച് ഒരുസന്ധി ചെയ്യപ്പെട്ടു. 'ഈ വർഷം നബി(സ)തിരുമേനിയും സ്വഹാബാക്കളും മടങ്ങിപ്പോകണമെന്നും അടുത്ത വർഷം വന്ന് പ്രദക്ഷണം ചെയ്യാവുന്നതാണ്' എന്നുമായിരുന്നു ആ സന്ധി. 'ഹുദയ്ബിയ്യസന്ധി' എന്ന പേരിൽ ഇതറിയപ്പെടുന്നു.

മക്കയിലേക്കു പോകാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ നബി(സ) അടുത്തവർഷം വിളംബരം ചെയ്തു. കഴിഞ്ഞ വർഷം ഹുദയ്ബിയ്യഃ വരെ പോയി മടങ്ങി വന്നവർ ഇതിലെന്തായാലും ഉണ്ടാകണമെന്നും നിർദേശിച്ചു.[1]

അന്നു ബുദ്ധിമുട്ടു സഹിച്ചവർ ഇന്ന് സന്തോഷം കാണണമെന്ന് നബി(സ) ആഗ്രഹിച്ചിരുന്നു. ആ യാത്രയിൽ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മു സൽമ(റ)യും നബി(സ)യോടൊപ്പം പോയിരുന്നു. ഒരു തമ്പിൽ നബി(സ) മൂന്നു ദിവസം താമസിച്ചു. ഒരു ദിവസം നബി(സ)തിരുമേനിയുടെ പിതൃസഹോദരൻ ഹദ്റത്ത് അബ്ബാസ്(റ), നബി(സ)യെ കാണാൻ വന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ ഭാര്യ ഉമ്മുൽ ഫദ്‌ലിന്റെ സഹോദരി വിധവയാണ്. അങ്ങ് ഇഷ്ടപ്പെടുന്നെങ്കിൽ അവളെ വിവാഹം കഴിക്കാവുന്നതാണ്.' നബി(സ) തിരുമേനി ആ അഭ്യർഥന സ്വീകരിച്ചു. ഹദ്റത്ത് ജഅ്ഫർ(റ)നെ വിവാഹ സന്ദേശവുമായി ഹദ്റത്ത് മയ്മൂനയുടെ അടുക്കൽ അയച്ചു. ഹദ്റത്ത് മയ്മൂന അഭിപ്രായം ആരായുന്നതിനുവേണ്ടി തന്റെ സഹോദരി ഭർത്താവ് ഹദ്റത്ത് അബ്ബാസ്(റ)ന്റെ അടുക്കൽ വന്നു. ഹദ്റത്ത് അബ്ബാസ്(റ) ഉടനെ അതു സമ്മതിച്ചു. ഹിജറ 7-ാം വർഷം ശവ്വാൽമാസം 7 ന് 'സരിഫ്' എന്ന സ്ഥലത്തുവച്ച് 400 ദർഹം ഹഖ് മഹ്റായിക്കൊണ്ട് ഹദ്റത്ത് അബ്ബാസ്(റ) ഹദ്റത്ത് മയ്മൂനയെ, നബി(സ)തിരുമേനിക്കു നിക്കാഹ് ചെയ്തു കൊടുത്തു.[2]

നിക്കാഹ് നേരത്ത് ഹദ്റത്ത് മയ്മൂനയുടെ പ്രായം 26 വയസ്സായിരുന്നു. ഹദ്റത്ത് മയ്മൂന(റ)യുടെ സഹോദരി ലുബാബത്തുസ്സുഗ്റാ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന്റെ മാതാവാണ്.[3]

വിവാഹം കഴിക്കണമെന്ന ഉദ്ദേശ്യമോ എന്തെങ്കിലും ആഗ്രഹമോ നബി(സ)യ്ക്കുണ്ടായിരുന്നില്ല. അതിനായിട്ടല്ല മക്കയിൽ പോയതും. അതെല്ലാം അല്ലാഹുവിന്റെ പ്രവർത്തിയായിരുന്നു. അതെല്ലാം ചില പ്രത്യേക ഉദ്ദേശ്യത്തോടെ നബി(സ)യെക്കൊണ്ടു അവൻ ചെയ്യിക്കുകയായിരുന്നു. ചില വിവാഹങ്ങൾ ഗോത്രങ്ങൾ തമ്മിൽ സൗഹൃദമുണ്ടാക്കുന്നതിനായിരുന്നെങ്കിൽ ചിലത് പരസ്പര സ്പർധ തുടച്ചു നീക്കുന്നതിനും ചിലത് ഗോത്രങ്ങളെ തമ്മിൽ അടുപ്പിക്കുന്നതിനുവേണ്ടിയുമായിരുന്നു. അല്ലാഹുവിന്റെ യുക്തികളാണ് നബി(സ)യുടെ മനസ്സിൽ ഭരണം നടത്തിയിരുന്നത്.

നജ്ദുകാരുമായിട്ടാണ് ഹദ്റത്ത് മയ്മൂന(റ)യുടെ ബന്ധം. അവരാണെങ്കിൽ ഇസ്‌ലാമിന്റെ കഠിന വിരോധികളായിരുന്നു. വിശുദ്ധ ഖുർആൻ മനഃപാഠമാക്കിയവരും(ഹാഫിദുമാർ) ഖാരികളുമായ 70 സ്വഹാബാക്കളെ വഞ്ചനയിലൂടെ വധിച്ചവരാണവർ. ഹദ്റത്ത് മയ്മൂനാ(റ)യുടെ സഹോദരി നജ്ദ് ഭരണാധികാരിയുടെ ഭാര്യയായിരുന്നു. ഈ വിവാഹ ബന്ധത്തിലൂടെ നജ്ദുകാരുമായി ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും കൈകൾ നീളുകയും സമാധാനത്തിന്റെ ഒരു കവാടം തുറക്കുകയും ചെയ്തു.[4]

മക്കയിൽ താമസത്തിന്നിടെ മുസ്‌ലീംകൾ പ്രദക്ഷണം ചെയ്യുന്നതിലും ആരാധനാ കർമങ്ങളിലും മുഴുകി. എന്നാൽ, എതിരാളികൾ കഠിനമായ ദുഃഖത്തിന്റേയും വിദ്വേഷത്തിന്റേയും ലോകത്തായിരുന്നു. മൂന്നു ദിവസം പൂർത്തിയായതോടെ മക്കക്കാർ ഒരു സംഘത്തെ അയച്ചു. അവർ വന്ന് ഹദ്റത്ത് അലി(റ)യോടു പറഞ്ഞു: 'താങ്കൾ താങ്കളുടെ നേതാവിനോട് ഇവിടെനിന്ന് തിരിച്ചുപോകാൻ പറയുക. ഇവിടെ താമസിക്കാൻ നിങ്ങൾക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്.'[5]

നബി(സ) ഒരു വിധത്തിലും സന്ധി ലംഘിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല. തനിക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണെന്ന് നബി(സ)യ്ക്ക് അറിയാമായിരുന്നു. അതുകൊണ്ട് മടങ്ങിപ്പോകാനുള്ള ഒരുക്കവും തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, ഹദ്റത്ത് മയ്മൂനായുടെ വീടുകൂടൽ മക്കയിൽവച്ച് നടന്നാൽ കൊള്ളാമെന്ന് നബി(സ) ആഗ്രഹിച്ചിരുന്നു. അങ്ങനെ മക്കക്കാരുമായിട്ടും ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും നല്ലൊരുബന്ധം ഉണ്ടാകട്ടെ എന്ന് കരുതിയായിരുന്നു അത്. സമാധാനശ്രമം കൊണ്ടു പുതിയവഴികൾ തുറക്കപ്പെടാവുന്നതാണല്ലോ? അവിടെ ശത്രുത കുറയുകയും ചെയ്തു കൂടായ്കയില്ല. നബി(സ) ആ സംഘത്തോടു പറഞ്ഞു: ' നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ ഇവിടെ വിവാഹത്തിനുള്ള ഏർപ്പാട് ചെയ്ത് സൽക്കാരത്തിൽ നിങ്ങളെയെല്ലാവരേയും പങ്കെടുപ്പിക്കുന്നതാണ്.' എന്നാൽ, ഈ അനുഗൃഹീതമായ സൽക്കാരത്തെ ആ ദൗർഭാഗ്യർ കഠിനഹൃദയത്തോടെ നിഷേധിച്ചു. അതിനുകാരണം നബി(സ)തിരുമേനിയുടേയും സ്വഹാബാക്കളുടേയും ഉന്നതമായ പെരുമാറ്റം ആളുകളുടെ ഹൃദയം വശീകരിച്ചു കളയുമോ എന്നതായിരുന്നു.

നബി(സ)തിരുമേനി താൻ ചെയ്ത സന്ധിയും മക്കക്കാരുടെ ആഗ്രഹവും ഓർത്തു. അതുകൊണ്ടു നിർബന്ധമൊന്നും പിടിച്ചില്ല. എന്നല്ല, പോകുകയാണെന്ന കാര്യം വിളംബരം ചെയ്യാൻ ഹദ്റത്ത് അബൂറാഫിഅ്(റ)നോടു പറയുകയും ചെയ്തു. ഇനി വൈകുന്നേരംവരെ ഇവിടെ ആരും നില്ക്കാൻ പാടില്ല. നബി(സ)മടങ്ങിപ്പോകാൻ തയ്യാറെടുത്തു കഴിഞ്ഞിരുന്നു. ആ നേരത്ത് ഹദ്റത്ത് മയ്മൂന(റ)യെ കൂടെക്കൊണ്ടുപോകാൻ പറ്റുമായിരുന്നില്ല. അതുകൊണ്ട് തങ്ങൾ പുറപ്പെട്ടതിനുശേഷം ഹദ്റത്ത് മയ്മൂനയെ കൂട്ടിക്കൊണ്ടു വരുന്നതിനായി ഹദ്റത്ത് അബൂറാഫിഅ്നെ അവരുടെ അടുക്കൽ അയച്ചു. അങ്ങനെ നബി(സ)തിരുമേനിയും തിരുസ്വഹാബാക്കളും മക്കയിൽനിന്ന് മടങ്ങി. മക്കയിൽനിന്ന് ഏകദേശം ഏഴു മൈൽ അകലെയുള്ള 'തൻഈം'ന് അടുത്ത് 'സറഫ്' എന്ന സ്ഥലത്ത് താമസിച്ചു.

ഹദ്റത്ത് അബൂറാഫിഅ്(റ) ഹദ്റത്ത് മയ്മൂന(റ)യേയും കൊണ്ട് മദീനയിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ ദ്വേഷംകൊണ്ടും കോപം കൊണ്ടും ജ്വലിച്ചിരുന്ന മക്കക്കാർ അദ്ദേഹത്തെ ചീത്ത വിളിക്കാൻ തുടങ്ങി. അബൂറാഫിഅ്(റ) ഭയം ജനിപ്പിക്കും വിധം അവർക്കു മറുപടി നല്കി: 'ഇപ്പോൾ ഞങ്ങളുടെ യാത്രാവാഹനങ്ങളും ആയുധങ്ങളും ദൂരത്തല്ല ഉള്ളത്. അതുകൊണ്ട് നിങ്ങൾ ഉടമ്പടി ലംഘിക്കരുത്.' ഇതു കേട്ടപാടെ ജനക്കൂട്ടം അങ്ങോട്ടും ഇങ്ങോട്ടും നീങ്ങിപ്പോകാൻ തുടങ്ങി. ഹദ്റത്ത് അബൂറാഫിഅ്(റ) ഹദ്റത്ത് മയ്മൂനയേയും(റ)കൂട്ടി സരിഫിൽ എത്തി. ഇവിടെവച്ചാണ് നബി(സ)യുമായി അവരുടെ ആദ്യത്തെ കൂടിക്കാഴ്ച നടക്കുന്നത്. സരിഫിൽ ഒരു ദിവസം താമസിച്ചശേഷം നബി(സ) മദീനയിലേക്കു പുറപ്പെട്ടു.

ഈ അനുഗൃഹീത വധുവിനെ മദീന വാസികൾ അതീവ സന്തോഷത്തോടെ വരവേറ്റു. ഹദ്റത്ത് മയ്മൂന(റ)മസ്ജിദുന്നബ്‌വിയുടെ ഒരു മുറിയിൽ താമസം തുടങ്ങി. അവിടെയാണ് ഇന്ന് നബി(സ)യുടെ അനുഗൃഹീത ഖബ്ർ(റൗദശരീഫ്) സ്ഥിതിചെയ്യുന്നത്. അത് ഹദ്റത്ത് ആയിശ(റ)യുടെ മുറിയായിരുന്നു. അതിന്റെ വാതിൽ വടക്കു ഭാഗത്തായിരുന്നു. അതിനോട് ചേർന്ന് മസ്ജിദിന്റെ തെക്കു വശത്ത്- ഖിബ്‌ലയുടെ ഭിത്തിയോടു ചേർന്ന് ഹദ്റത്ത് സൗദ, ഹദ്റത്ത് സ്വഫിയ്യ എന്നിവരുടെ മുറികളായിരുന്നു. വടക്കു വശത്ത് ഹദ്റത്ത് ഉമ്മുസൽമ, ഹദ്റത്ത് ഉമ്മു ഹബീബ, ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മഃ, ഹദ്റത്ത് ജുവയ്രിയ്യഃ, ഹദ്റത്ത് മയ്മൂനഃ, ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശ് എന്നിവരുടെ മുറികളായിരുന്നു. ഈ മുറികളിൽ നബി(സ)തിരുമേനിയും അങ്ങേയറ്റം ലളിതമായി ജീവിച്ചു.[7]

ഒരു ദിവസം ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയുടെ വീട്ടിൽപോയി. വീട്ടിൽ സാധനങ്ങളൊന്നും ഉണ്ടായിരുന്നില്ല. നബി(സ) പായയിൽ കിടക്കുകയായിരുന്നു. നബി(സ)യുടെ പുറത്ത് പായയുടെ അടയാളം കണ്ട് ഹദ്റത്ത് ഉമർ(റ) പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. ഉമറേ! എന്തിനാണ് താങ്കൾ കരയുന്നത്? നബി(സ) ചോദിച്ചു. ഗദ്ഗദത്തോടെ ഉമർ(റ)പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ ബുദ്ധിമുട്ട് കണ്ടപ്പോൾ കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല. അവിശ്വാസികളായ ഖയ്സറും കിസ്റായും എത്ര സുഖകരമായിട്ടാണ് ജീവിക്കുന്നത്;

(തുടരും)

ഈ പുസ്തകരചനയ്ക്കു സഹായമായ ഗ്രന്ഥങ്ങൾ:-
1. സർഖാനീ ഉംറത്തുൽഖദാ.
2. അസ്‌വാജെ മുത്വഹ്ഹറാത്ത് വ സ്വഹാബിയാത് എൻസൈക്ലോപീഡിയ പേജ് 227.
3. ബുഖാരി കിതാബുൽമഗാസി ഉംറത്തുൽഖദാ - സർഖാനീ - ഇബ്നുഹിശാം.
4. മിസ്ബ്ബാഹ് മാസിക 1998 ജൂലായ് ലക്കം.
5. ബുഖാരി കിതാബുസ്സ്വുൽഹ് വ കിതാബുൽമഗാസി ഉംറത്തുൽഖദാ.
6. ത്വബഖാത്ത് വാല്യം 8 പേജ് 87, അൽഫദ്ൽ 26-12- 2003.
7. താരീഖെ മദീന മുനവ്വറ മുഹമ്മദ് അബ്ദുൽമഅ്ബൂദ് പേജ് 137, മആരിഫ് പ്രസ്സ് ലാഹോർ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin